# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

**2013 ഫെബ്രുവരി 18, തിങ്കളാഴ്ച**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)**

## റൂളിംഗ്

അടിയന്തരപ്രമേയ നോട്ടീസ് പരിഗണിക്കുന്നതു സംബന്ധിച്ച്

മി. സ്പീക്കർ: നിയമസഭയിൽ പ്രതിപക്ഷാംഗങ്ങൾ അടിയന്തരപ്രമേയാവതരണത്തിനായി കൊണ്ടുവന്നിട്ടുള്ള വിഷയങ്ങളെല്ലാം പരിഗണനയ്ക്ക് എടുക്കുകയും അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഒരേ വിഷയം തന്നെ നാലുപ്രാവശ്യം അടിയന്തരപ്രമേയമായി അവതരിപ്പിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. കോടതിയിൽ വിചാരണയ്ക്ക് എത്തിയിട്ടുള്ള ഒരു വിഷയം അടിയന്തരപ്രമേയമായി ചർച്ച ചെയ്യുന്നതോ പ്രസ്താവന നടത്തുന്നതോ ശരിയായ കീഴ്‌വഴക്കമല്ലാത്തതും അത് നിലവിലിരിക്കുന്ന കേസുകളെ ഡയറക്ടായോ ഇൻഡയറക്ടായോ ബാധിക്കുമെന്നതിനാലും ഇന്ന്

അടിയന്തര പ്രമേയാവതരണത്തിന് നൽകിയിരിക്കുന്ന നോട്ടീസ് പരിഗണിക്കുന്നതല്ല.

(അടിയന്തര പ്രമേയ നോട്ടീസ് പരിഗണിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവിന്റെ പ്രസ്താവനയ്ക്കുശേഷം പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധ ക്ഷണിക്കൽ

### (1) വർദ്ധിച്ചുവരുന്ന ആത്മഹത്യകൾ

ശ്രീ. സി. പി. മുഹമ്മദ്: ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കു പ്രകാരം മുൻകാലങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ആത്മഹത്യകളുടെ എണ്ണം വർദ്ധിക്കുകയും കേരളം അഞ്ചാം സ്ഥാനത്ത് എത്തിനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ആത്മഹത്യകൾ ഒഴിവാക്കുന്നതു സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തി പരിഹാരമാർഗ്ഗം കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): കേരളത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് ആത്മഹത്യാപ്രവണത കുറഞ്ഞുവെന്ന് കേരളാ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ കണക്കുകൾ വ്യക്തമാക്കുമ്പോൾത്തന്നെ ആത്മഹത്യയിൽ ഇന്ത്യൻ ശരാശരി നിരക്കിനേക്കാൾ 2.3 ഇരട്ടി വർദ്ധനവാണ് കേരളത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കൗമാരക്കാരായ പെൺകുട്ടികളിൽ കണ്ടുവരുന്ന ആത്മഹത്യ തടയുന്നതിനായി ഒട്ടേറെ കേന്ദ്രാവിഷ്കൃത പദ്ധതികൾ ആവിഷ്ക്കരിക്കുകയും ലഹരി

വിമോചനകേന്ദ്രങ്ങൾക്ക് കേന്ദ്രസഹായം നൽകുകയും അംഗൻവാടി കേന്ദ്ര ങ്ങളിലൂടെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യു ന്നുണ്ട്. കേരളാ സാമൂഹ്യ സുരക്ഷാമിഷനും നാഷണൽ റൂറൽ ഹെൽത്ത് മിഷനും നിംഹാൻസും ആരോഗ്യവകുപ്പുമായി ചേർന്ന് യൂണിസെഫിന്റെ സഹായത്തോടെ ദേശീയതലത്തിലും മേഖലാതലത്തിലും ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നുണ്ട്. വളർന്നു വരുന്ന തലമുറയ്ക്ക് പ്രതിസന്ധികളെ അഭി മുഖീകരിക്കാനായി സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന ഹെൽപ് ലൈൻ സ്ഥാപിച്ച് ഉപദേശം നൽകുന്നതാണ്. .

(2) വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി

ഡോ. ടി.എം. തോമസ് ഐസക്: മെഡിക്കൽ സർവ്വീസസ് കോർപ്പറേ ഷൻ മരുന്ന് വാങ്ങാത്തതുകാരണം ആലപ്പുഴ ജില്ലയിലെ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി.യുടെ ഉൽപാദനം 10 ശതമാനമായി കുറ ഞ്ഞിട്ടുണ്ട്.. ഓട്ടോകാസ്റ്റിനെ റെയിൽവേയുമായുള്ള സംയുക്ത സംരംഭമാക്കാൻ സിൽക്ക് തീരുമാനിച്ചിരുന്നെങ്കിലും റെയിൽവേ പ്രസ്തുത കരാറിൽനിന്നും പിൻമാറിയിരിക്കുകയാണ്. റിവൈവൽ പാക്കേജ് അനുവദി ച്ചില്ലെങ്കിൽ പ്രസ്തുത സ്ഥാപനം സിക്ക് യൂണിറ്റ് ആയി ഡിക്ലയർ ചെയ്യുന്ന അവസ്ഥയിലാണ്. കേരള സ്പിന്നേഴ്സിന് 46 കോടി രൂപ മുടക്കി സ്പിന്റിലു കൾ, എയർജെറ്റ്, വീവിംഗ് ലൂംസ് എന്നിവ വാങ്ങിയെങ്കിലും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ മെഷീണറികൾ പ്രവർത്തിപ്പിക്കാൻ കഴിയുന്നി ല്ലെന്നു മാത്രമല്ല അവയുടെ വാറന്റി കാലാവധി കഴിഞ്ഞിരിക്കുകയുമാണ്. എക്സൽ ഗ്ലാസ്സസ് ഇപ്പോൾ ലോക്കൗട്ടിലാണ്. ഹോംകോവിന്റെ പുതിയ ഫാക്ടറി യൂണിറ്റിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും വിഹിതവും

സ്ഥലവും ലഭിച്ചിട്ടും തറക്കല്ലിട്ടില്ല. ഇത്തരം വ്യവസായസ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനും ലാഭത്തിലാക്കുന്നതിനും വ്യവസായ വകുപ്പ് മുൻകയ്യെടുക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): മുഖ്യമന്ത്രി തലത്തിൽ ചർച്ച നടത്തി തീരുമാനം എടുത്തെങ്കിലും കെ.എസ്.ഡി.പി.-ക്ക് മെഡിക്കൽ കോർപ്പറേഷനിൽനിന്നും ഓർഡർ കിട്ടുന്നില്ല. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതാണ്. പ്രസ്തുത സ്ഥാപനത്തോടനുബന്ധിച്ച് കേരളത്തിൽ ഉത്പാദിപ്പിക്കുന്ന മരുന്നുകളും ബിവറേജസ് കോർപ്പറേഷൻ ഉല്പാദിപ്പിക്കുന്ന മദ്യത്തിന്റെ സാംപിളുകളും പരിശോധിക്കുന്ന ലാബിന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഓട്ടോകാസ്റ്റ് റെയിൽവേയുമായി ചില കരാറുകളിൽ ഏർപ്പെട്ടെങ്കിലും റെയിൽവേ തുടർ നടപടി സ്വീകരിക്കാൻ തയ്യാറാകുന്നില്ല. ഫോർജിംഗ്സ് സിൽക്കുമായി ഡീ-ലിങ്ക് ചെയ്ത് റെയിൽവേയുമായി സഹകരിച്ചെങ്കിലും പുരോഗതി ഉണ്ടായിട്ടില്ല. ഇക്കാര്യം വൈദ്യുതി വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യുന്നതാണ്. എക്സൽ ഗ്ലാസ്സസ് കമ്പനിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് മുന്നോട്ടു പോകുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളെയും ജോയിന്റ് സെക്ടർ കമ്പനികളെയും ലാഭകരമാക്കുന്നതിനുള്ള ശ്രമം തുടരുന്നതാണ്.

## സബ്മിഷൻ

### (1) വനിതാ എം.എൽ.എ-മാരെ കൈയേറ്റം ചെയ്യൽ

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): വനിതാ എം.എൽ.എ-മാരെ പോലീസ് കയ്യേറ്റം ചെയ്തത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): എ.ഡി.ജി.പി.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്നേ ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന ടീം ലീഡറായിരുന്ന വനിതാ എസ്.ഐ. ശ്രീമതി കെ.കെ. രമണിയെ സസ്പെൻഡ് ചെയ്യുന്നതിന് നടപടി എടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(2) കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): കേന്ദ്ര സർക്കാർ പെട്രോളിന്റെയും ഡീസലിന്റെയും വില വൻതോതിൽ വർദ്ധിപ്പിച്ചിരിക്കുന്നതുമൂലം കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ പ്രതിസന്ധിയിലായിരിക്കുന്നതിനാൽ പെട്രോളിന്റെയും ഡീസലിന്റെയും വില നിയന്ത്രണം പുന:സ്ഥാപിക്കണമെന്നും നികുതി കുറയ്ക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടും ബൾക്ക് പർച്ചേസിന്റെ പേരിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെമേൽ അമിതഭാരം അടിച്ചേൽപ്പിക്കുന്നതിനെതിരെയും സഭ പ്രമേയം പാസ്സാക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ഡീസലിന്റെയും പെട്രോളിന്റെയും സബ്സിഡി എടുത്തുകളഞ്ഞ കേന്ദ്ര സർക്കാരിന്റെ നയങ്ങളെ സർക്കാർ അംഗീകരിക്കുന്നില്ല. ഡീസലിന്റെ വില വർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ നഷ്ടം 91.50 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. കോർപ്പറേഷന്റെ നിലവിലുള്ള സ്ഥിതി

യെപ്പറ്റി ചീഫ് സെക്രട്ടറി ചെയർമാനായ മൂന്നംഗ കമ്മിറ്റി പഠനം നടത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച മറ്റ് കാര്യങ്ങൾ ക്യാബിനറ്റിൽ വച്ച് തീരുമാനിക്കുന്നതാണ്.

### (3) മജിസ്ട്രേറ്റ് കം മുൻസിഫ് കോടതി

ശ്രീ. സണ്ണി ജോസഫ്: പേരാവൂർ ആസ്ഥാനമായി ഒരു മജിസ്ട്രേറ്റ് കം മുൻസിഫ് കോടതി സ്ഥാപിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മട്ടന്നൂരിൽ ഒരു മുൻസിഫ് കോടതിയും ഇരിട്ടിയിൽ ഒരു മുൻസിഫ് മജിസ്ട്രേറ്റ് കോടതിയും ഹൈക്കോടതിയുടെ മുൻഗണനാലിസ്റ്റിൽ 31-ഉം 35-ഉം സ്ഥാനങ്ങളിലുണ്ട്. ഇതിലേതെങ്കിലും ഒന്ന് പേരാവൂരിൽ സ്ഥാപിക്കണമെങ്കിൽ അക്കാര്യം എഴുതിത്തന്നാൽ ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതായിരിക്കും.

### (4) സ്റ്റാറ്റ്യൂട്ടറി പെൻഷൻ

ശ്രീ. വി. ഡി. സതീശൻ: കേരള ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ സമ്പ്രദായം ഏർപ്പെടുത്തണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരള ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിലവിലുള്ള ഇ.പി.എഫ് പെൻഷൻ പദ്ധതി മാറ്റി പുതിയ പെൻഷൻ സമ്പ്രദായം വേണമെന്നുള്ള ആവശ്യം സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും വിശദാംശങ്ങൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയുമാണ്. ഇക്കാര്യത്തിൽ പോസിറ്റീവായ ഒരു തീരുമാനമുണ്ടാകും.

### (5) റബ്ബർ കൃഷിക്കാർ നേരിടുന്ന പ്രതിസന്ധി

ശ്രീ. മോൻസ് ജോസഫ് : റബ്ബർ വിലയിടിവുമൂലം കേരളത്തിലെ റബ്ബർ കൃഷിക്കാർ നേരിടുന്ന പ്രതിസന്ധിക്ക് കേന്ദ്ര ഗവൺമെന്റിന്റെ അടിയന്തിര പരിഗണനയുണ്ടാകുന്നതോടൊപ്പം ബ്രാന്റ് ചെയ്ത റബ്ബർ മാത്രം കയറ്റുമതി ചെയ്താൽ മതിയെന്ന റബ്ബർ ബോർഡ് തീരുമാനം പിൻവലിച്ച് കർഷകരെ പ്രതിസന്ധിയിൽ നിന്ന് രക്ഷിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : റബ്ബറിന്റെ വില അന്താരാഷ്ട്ര വിപണിയിൽ താഴുന്നതാണ് മുഖ്യ പ്രശ്നം. ഇറക്കുമതി കുറയ്ക്കാനും കയറ്റുമതിയെ പ്രോൽസാഹിപ്പിക്കാനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

## (6) സ്ക്കൂൾ കൗൺസിലർമാരുടെ ഓണറേറിയം

ശ്രീമതി ഇ.എസ്. ബിജിമോൾ : സാമൂഹിക ക്ഷേമവകുപ്പിന്റെ കീഴിൽ ജോലി ചെയ്യുന്ന അമ്പതോളം സർക്കാർ സ്ക്കൂളുകളിലെ കൗൺസിലർമാർക്ക് അർഹതപ്പെട്ട പ്രസവാനുകൂല്യം നൽകുന്നതോടൊപ്പം, ഇപ്പോൾ ലഭിക്കുന്ന വേതന രഹിത ലീവ് മാറ്റി സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നവർക്ക് കൊടുക്കുന്ന അതേ മാനദണ്ഡത്തിൽ ഇവർക്കും അർഹമായ ആനുകൂല്യം കൊടുക്കുന്നതിന് നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): കിശോരി ശക്തി യോജനയുടെ ഭാഗമായി ആരംഭിച്ച് ഇപ്പോൾ സാമൂഹ്യ നീതി വകുപ്പിലെ സൈഫോ സോഷ്യൽ സർവ്വീസ് പ്രോഗ്രാമിന്റെ കീഴിൽ സ്ക്കൂൾ കൗൺസിലേഴ്സായി പ്രവർത്തിക്കുന്നവരെക്കുറിച്ച് സാമൂഹ്യ നീതി വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് പഠിച്ച് ഒരു കൺസെപ്റ്റ് നോട്ട് തയ്യാറാക്കി ഇവരെ സ്ക്കൂൾ പി.ടി.എ.യിൽ നിന്നും മാറ്റി ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ കീഴിലേയ്ക്ക് കൊണ്ടുവരാൻ തീരുമാനിച്ചു. ജില്ലാതല

ത്തിൽ മോണിട്ടറിംഗ് യൂണിറ്റുകൾ ഉണ്ടാക്കി ഇവരുടെ ഓണറേറിയം 6500 രൂപയിൽ നിന്നും 12500 രൂപയാക്കണമെന്നാണ് കൺസെപ്റ്റ് നോട്ടിൽ പറയുന്നത്. കൺസെപ്റ്റ് നോട്ടിലെ ശുപാർശകൾ പൂർണ്ണമായും നടപ്പിൽ വരുത്തുന്നതോടുകൂടി കൗൺസിലർമാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്താൻ കഴിയുന്നതാണ്.

(7) <u>കുറി കമ്പനികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരള ചിട്ടി നിയമം നിലവിൽ വന്നതോടുകൂടി ചിട്ടി കമ്പനികൾക്ക് പ്രവർത്തിക്കാൻ ഉണ്ടായിട്ടുള്ള പ്രായോഗികമായ ബുദ്ധിമുട്ടുകൾക്ക് പരിഹാരം ഉണ്ടാക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>) : സംസ്ഥാന നിയമം വരുന്നതിനുമുമ്പ് ജമ്മു-കാശ്മീർ, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തും സെക്യൂരിറ്റി കൊടുക്കാതെയും ചിട്ടി നടത്താമായിരുന്ന സാഹചര്യം പുതിയ നിയമം വന്നപ്പോൾ മാറിയതോടുകൂടിയാണ് അവർക്കു ബുദ്ധിമുട്ടുണ്ടായിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഇവിടെ ഉന്നയിക്കപ്പെട്ട ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടണമെങ്കിൽ റിസർവ് ബാങ്കിന്റെ അനുമതിയോടുകൂടി കേന്ദ്ര നിയമത്തിലും സംസ്ഥാനത്തെ ചില റൂളുകളിലും മാറ്റം വരുത്തണം. കുറി കമ്പനികൾക്ക് റിലീഫ് നൽകുന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കാം.

(8) <u>കോളേജ് അദ്ധ്യാപകരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കൽ</u>

<u>ശ്രീ. റ്റി.വി. രാജേഷ്</u> : കോളേജ് അദ്ധ്യാപകരുടെ പെൻഷൻ പ്രായം 60 ആക്കി ഉയർത്തണമെന്ന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശുപാർശ

തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്കിടയിൽ ഉണ്ടാക്കിയിരിക്കുന്ന ആശങ്കയ്ക്ക് പരിഹാരം കാണണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പെൻഷൻ പ്രായം 60 വയസ്സാക്കാനുള്ള ഒരു ആലോചനയുമില്ല.

(9) കുഴൽ കിണർ കുഴിച്ചുകൊണ്ടുള്ള കുടിവെള്ള പദ്ധതി

ശ്രീ. ബാബു എം. പാലിശ്ശേരി : വേനൽ രൂക്ഷമായതോടുകൂടി കുന്നംകുളം നിയോജകമണ്ഡലത്തിലെ ഒട്ടുമിക്ക പ്രദേശങ്ങളിലുമുണ്ടായിട്ടുള്ള കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് എം.എൽ.എ.മാരുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് വിനിയോഗിച്ച് കുഴൽ കിണർ കുഴിക്കാനും മോട്ടോർ പമ്പ് സെറ്റ് വാങ്ങാനും കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനും അനുവദനീയമല്ല എന്ന 31–1–2012–ലെ ധനകാര്യവകുപ്പിലെ ഉത്തരവ് പിൻവലിച്ച് കുടിവെള്ള പദ്ധതിക്ക് അനുമതി നൽകാൻ നടപടിയുണ്ടാകണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : കുഴൽ കിണർ എന്ന പദപ്രയോഗത്തിന്റെ കൂടെ പമ്പ് സെറ്റും എന്നുകൂടി ചേർത്ത് മാനദണ്ഡത്തിൽ ആവശ്യമായ മാറ്റം വരുത്തണം.

(10) സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റ്

ശ്രീ. എൻ. ഷംസുദ്ദീൻ : മണ്ണാർക്കാട് ആനമൂളിയിൽ പ്രവർത്തിക്കുന്ന സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റ് സംസ്ഥാന അതിർത്തിയായ അട്ടപ്പാടി മടത്ത്കാട്ടിലേയ്ക്ക് മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : മടത്ത് കാട്ടിൽ ഒരുപാട് പഞ്ചായത്ത് റോഡുകളുള്ളതുകാ

രണം ടാക്സ് ഇവേഷൻ വരുമെന്നതിനാൽ ആനമൂളിയിൽ നിന്ന് മടത്ത് കാട്ടി ലേയ്ക്ക് ചെക്ക് പോസ്റ്റ് മാറ്റാൻ സാദ്ധ്യമല്ല. സ്റ്റേറ്റിനകത്തുനിന്ന് സാധനം വാങ്ങി വരുന്നവർക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതായിരിക്കും.

(11) ഇ.എം.എസ്. ഭവന പദ്ധതി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ആരംഭിച്ച വീടുകൾക്കുള്ള കുടിശ്ശിക തുക നൽകാൻ കൽപ്പറ്റ സർവ്വീസ് സഹകരണ ബാങ്ക് തയ്യാറാകുന്നില്ല. ഇതി ലേയ്ക്ക് 437 പേരുടെ പാർപ്പിടം പൊളിച്ചുമാറ്റുകവഴി ഇപ്പോൾ അവർ വീടില്ലാത്ത അവസ്ഥയിലാണ്. ഓൺഫണ്ട് കുറഞ്ഞതിനാലും സഹകരണ ബാങ്ക് തുക തരാത്തതുകൊണ്ടും മുനിസിപ്പാലിറ്റി പ്രതിസന്ധിയിലാണ്. ഇക്കാ ര്യത്തിൽ എത്രയും വേഗം നടപടിയുണ്ടാകണം.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്ര ണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) : ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനായി കൽപ്പറ്റ സർവ്വീസ് സഹക രണ ബാങ്ക് വയനാട് ജില്ലാ സഹകരണ ബാങ്കുമായി 7 കോടി രൂപയുടെ കരാ റിൽ ഏർപ്പെട്ടിരുന്നു. വയനാട് ജില്ലാ സഹകരണ ബാങ്ക് കൽപ്പറ്റ സർവ്വീസ് സഹകരണ ബാങ്കിന് അനുവദിച്ച 136 ലക്ഷം രൂപയും സ്വന്തം ഫണ്ടിൽ നിന്നുള്ള 59,10,000 രൂപയും ചേർത്ത് ആകെ 1,95,10,000 രൂപ കൽപ്പറ്റ നഗര സഭയ്ക്ക് കൽപ്പറ്റ സർവ്വീസ് സഹകരണ ബാങ്ക് നൽകിയിട്ടുണ്ട്. കൽപ്പറ്റ സർവ്വീസ് സഹകരണ ബാങ്ക് 7 കോടി രൂപയുടെ വായ്പയ്ക്കായി വയനാട് ജില്ലാ സഹകരണ ബാങ്കുമായി കരാറിൽ ഏർപ്പെട്ടെങ്കിലും ജില്ലാ സഹകരണ

ബാങ്കിന് ബാക്കി തുക നൽകാൻ കഴിയാതെ വന്നു. പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി കരാറിൽ ഏർപ്പെട്ട പ്രകാരമുള്ള വായ്പാത്തുക ബാങ്കിലെ സ്വന്തം ഫണ്ടിൽ നിന്നോ ജില്ലാ സഹകരണ ബാങ്കിൽ നിന്നോ ലഭ്യമാക്കി നൽകുവാൻ കൽപ്പറ്റ സർവ്വീസ് സഹകരണ ബാങ്കിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## (12) ഹജ്ജ് അപേക്ഷയിലെ പുതിയ നിബന്ധനകൾ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: ഹജ്ജ് അപേക്ഷാഫോറം നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഹജ്ജ് കമ്മിറ്റി ഏർപ്പെടുത്തിയ പുതിയ നിബന്ധനകൾ പിൻവലിക്കുന്നതിനും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് മാത്രം ബാധകമാക്കുന്നതിനും അപേക്ഷിക്കുന്നവരുടെ എണ്ണത്തിന് ആനുപാതികമായി ഹജ്ജ് ക്വാട്ട അനുവദിക്കുന്നതിനും ആവശ്യമായ സമ്മർദ്ദം ചെലുത്തണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഹജ്ജ് അപേക്ഷാഫോറം നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന വ്യവസ്ഥകൾ ജനങ്ങൾക്ക് ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ചും അത് നടപ്പിലാക്കുകയാണെങ്കിൽ ഹജ്ജിന് താല്ക്കാലികമായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് മാത്രം ബാധകമാക്കണമെന്നും സൂചിപ്പിച്ച് കേന്ദ്ര ഹജ്ജ് കമ്മിറ്റിക്ക് സംസ്ഥാന ഗവൺമെന്റ് കത്തെഴുതിയിട്ടുണ്ട്.

## (13) ഈറ്റ പനമ്പ് തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ

ശ്രീ. എസ്. ശർമ്മ: ഈറ്റ പനമ്പ് മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെട്ട് ആഹ്വാനം ചെയ്തി

രിക്കുന്ന പണിമുടക്ക് ഒഴിവാക്കി ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഈറ്റ-പനമ്പ് മേഖലയിലെ പ്രശ്നങ്ങൾ തൊഴിലാളി പ്രതിനിധികളുമായി ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കുന്നതാണ്.

## (14) അനന്തപുരം വ്യവസായ പാർക്ക്

ശ്രീ. പി. ബി. അബ്ദുൾ റസാക്: കാസർഗോഡ് അനന്തപുരം വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ സംരംഭകരെ വ്യവസായ പാർക്കിലേയ്ക്ക് ആകർഷിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): 2012-ൽ നിയമിച്ച പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിന്റെ ശുപാർശയും ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതിയും ഉപയോഗപ്പെടുത്തി കാസർഗോഡ് ജില്ലയിലെ വ്യവസായ വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യ വികസന പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതാണ്.

## (15) ട്രാക്കോ കേബിൾ കമ്പനി നേരിടുന്ന പ്രതിസന്ധി

ശ്രീ. മാത്യു റ്റി. തോമസ്: ട്രാക്കോ കേബിൾ കമ്പനി നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാനും തൊഴിലാളികളുടെ ശമ്പളം പരിഷ്ക്കരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ട്രാക്കോ കേബിൾ കമ്പനിയും അതിലെ തൊഴിലാളികളും നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (16) ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കൽ

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: മാർച്ച് മാസത്തെ പരീക്ഷാ കലയളവിലെ രാത്രികാല ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): മാർച്ചുമാസത്തെ പരീക്ഷാ കാലയളവിലെ രാത്രികാല ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുന്നതിലേയ്ക്കായി സംസ്ഥാനത്തിനു പുറത്തുനിന്നും വൈദ്യുതി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

## (17) കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ

ശ്രീ. എം. ഹംസ: ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): കല്ലടിക്കോട്, കോങ്ങാട്, ശ്രീകൃഷ്ണപുരം സബ്സ്റ്റേഷനുകൾ ഒറ്റപ്പാലം നിയോജകമണ്ഡലത്തിന് അടുത്തായതിനാൽ പുതുതായി ഒരു സബ് സ്റ്റേഷന്റെ നിർമ്മാണം ബുദ്ധിമുട്ടാണ്. ഈ ആവശ്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

## (18) വൈദ്യുതിമൂലം ഉണ്ടാകുന്ന അപകടങ്ങൾ

ശ്രീ. വി. റ്റി. ബൽറാം: കേരളത്തിൽ വൈദ്യുതിമൂലം ഉണ്ടാകുന്ന അപകടങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുകയും കെ.എസ്.ഇ.ബി.യിലെ സ്ഥിര-താല്ക്കാലിക ജീവനക്കാർക്ക് അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള പരിശീലനം നൽകുകയും ആധുനികമായ സേഫ്റ്റി മാനേജുമെന്റ് സിസ്റ്റം കെ.എസ്.ഇ.ബി. യിൽ നടപ്പാക്കുകയും ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): 2005-ലെ വി.ഐ. ചെറിയാൻ അന്വേഷണ കമ്മീഷന്റെ ശുപാർശയനുസരിച്ച് ചീഫ് എഞ്ചിനീയർ അടക്കമുള്ള ഒരു സേഫ്റ്റി കമ്മീഷൻ സംസ്ഥാനതലത്തിലും ജില്ലാ കളക്ടർമാർ ചെയർമാൻമാരായിട്ടുള്ള ജില്ലാ കമ്മീഷനും പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ സ്ഥിര താല്ക്കാലിക ജീവനക്കാരെ ബോധനവത്കരിക്കുന്നതിനാവശ്യമായ സംവിധാനവും ഇപ്പോൾ കെ.എസ്.ഇ.ബി.-യിൽ ഉണ്ട്.

### (19) മാവോയിസ്റ്റ് തീവ്രവാദികളുടെ സാന്നിദ്ധ്യം

ശ്രീ. ബെന്നി ബെഹനാൻ: കേരളത്തിലെ മാവോയിസ്റ്റ് തീവ്രവാദികളുടെ സാന്നിദ്ധ്യം സംബന്ധിച്ച നിജസ്ഥിതി വ്യക്തമാക്കണമെന്നും മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ സഹകരണത്തോടെ ഹ്രസ്വ-ദീർഘകാല അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് രാഷ്ട്രീയ പരിഹാരം കാണണമെന്നും അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): അൺ ലാഫുൾ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് അനുസരിച്ച് നിരോധിച്ചിട്ടുള്ള സി.പി.ഐ. മാവോയിസ്റ്റ് സംഘടന പശ്ചിമഘട്ടത്തിൽ സ്വാധീനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി 1970-ൽ കൊല്ലപ്പെട്ട വർഗ്ഗീസിന്റെയും

മുത്തങ്ങയിൽ കൊല്ലപ്പെട്ട യോഗിയുടെയും രക്തസാക്ഷിത്വ ദിനങ്ങളോടനുബന്ധിച്ച് അക്രമപ്രവർത്തനങ്ങൾ നടത്താൻ സാദ്ധ്യതയുണ്ടെന്ന വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും അക്രമപ്രവർത്തനങ്ങൾ നേരിടുന്നതിന് പോലീസ് സംവിധാനത്തെ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

(20) ഫയർ സ്റ്റേഷൻ

ശ്രീ. എം. ഉമ്മർ: മഞ്ചേരിയിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): അഗ്നിശമന രക്ഷാ നിലയങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ തയ്യാറാക്കിയിട്ടുള്ള മുൻഗണനാ പട്ടികയിൽ മഞ്ചേരിയെ പതിനൊന്നാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്. നറുകര വില്ലേജിലെ വീമ്പൂർ പ്രദേശത്തെ 60 സെന്റ് സർക്കാർ പുറമ്പോക്കുഭൂമിയിൽ അഗ്നിശമന രക്ഷാനിലയം സ്ഥാപിക്കുന്നതിനുള്ള 120 ലക്ഷം രൂപയുടെ ഡീറ്റെയിൽഡ് അടങ്കൽ സർക്കാരിന്റെ പരിശോധനയിലാണ്. സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മഞ്ചേരിയിൽ അഗ്നിശമന രക്ഷാനിലയം തുറന്നുപ്രവർത്തിക്കുന്നതാണ്.

(21) ഗുണ്ടാ-മാഫിയ അതിക്രമം

ശ്രീ. സി. കെ. സദാശിവൻ: കായംകുളം നിയോജകമണ്ഡലത്തിലെ ഗുണ്ടാ-മാഫിയ സംഘങ്ങളുടെ അതിക്രമം അവസാനിപ്പിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കായംകുളം നിയോജകമണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിലായി നടന്നുവരുന്ന ഗുണ്ടാ ആക്രമണവുമായി ബന്ധപ്പെട്ട് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഗുണ്ടകൾക്കെതിരെ 107 സി.ആർ.പി.സി. അനുസരിച്ചും CAPA നിയമപ്രകാരവും നടപടികളെടുക്കുകയും ബ്രോഡ് വേ ഹിസ്റ്ററി ഷീറ്റ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(22) മരം മുറിച്ച പ്രതികളെ അറസ്റ്റ് ചെയ്യാൻ നടപടി

ശ്രീ. എ. പ്രദീപ് കുമാർ: കോഴിക്കോട് കളക്ടറേറ്റ് കോമ്പൗണ്ടിൽനിന്ന് അനധികൃതമായി മരങ്ങൾ മുറിച്ചുമാറ്റിയ കേസ്സിൽ പ്രതികളായവരെ അറസ്റ്റ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കോഴിക്കോട് സിവിൽ സ്റ്റേഷനിൽ ജില്ലാ വനിതാ കൗൺസിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിൽ നിന്നും അനധികൃതമായി മരങ്ങൾ മുറിച്ചുകൊണ്ടുപോയതായി വേങ്ങേരി വില്ലേജ് ഓഫീസർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കൗൺസിൽ സെക്രട്ടറി അഡ്വക്കേറ്റ് ആനന്ദകനകത്തെ പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ് നടക്കാവ് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ അന്വേഷിച്ചുവരുന്നു. വസ്തുവിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ മുറിച്ച മരങ്ങളുടെ വില നിശ്ചയിച്ച് നൽകിയിട്ടില്ല. കോടതിയുടെ നിർദ്ദേശപ്രകാരം പോലീസ് പിടിച്ചെടുത്ത തടികൾ നടക്കാവ് പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കുകയും ലോറി ഉടമസ്ഥന് വിട്ടുകൊടുക്കുകയും ചെയ്തിരിക്കുകയാണ്. സംഭ

വസ്ഥലം ആരുടെ കൈവശാവകാശത്തിലാണെന്ന് തിട്ടപ്പെടുത്താൻ കഴിയാത്ത അവസ്ഥയിലാണ്.

(23) അമൃതയോട് അപമര്യാദയായി പെരുമാറിയ സംഭവം

ശ്രീ. വി. ശിവൻകുട്ടി: അമൃത എന്ന പെൺകുട്ടിയോട് അപമര്യാദയായി പെരുമാറിയ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് നിയമനടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 14–02–2013 രാത്രി അമൃത അച്ഛനമ്മമാരോടൊപ്പം ബേക്കറി ജംഗ്ഷനിലെ ഒരു തട്ടുകടയിൽനിന്ന് ആഹാരം കഴിച്ചുകൊണ്ടിരുന്ന സമയം സർക്കാർ വാഹനത്തിൽ വന്ന രണ്ടുപേർ മോശമായ ഭാഷയിൽ സംസാരിക്കുകയും അതിനെ ചോദ്യം ചെയ്ത മാതാപിതാക്കളെ അസഭ്യം പറയുകയും ചെയ്തതുസംബന്ധിച്ച് മ്യൂസിയം സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിവരവെ പ്രതികൾ ഹയർ എഡ്യൂക്കേഷൻ വകുപ്പിനു കീഴിൽ പൂജപ്പുര പ്രവർത്തിക്കുന്ന ഐ.ടി.@ സ്ക്കൂൾ പ്രോജക്ട് എന്ന സ്ഥാപനത്തിൽ ജോലി ചെയ്തുവരുന്ന ഹെൽപ്പർ മനോജും ഡ്രൈവർ അനൂപുമാണെന്ന് തിരിച്ചറിയുകയും മനോജിനെ അറസ്റ്റ് ചെയ്ത് സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയയ്ക്കുകയും അനൂപ് ഒളിവിൽ പോയതിനാൽ അറസ്റ്റ് ചെയ്യാൻ കഴിയാത്തതുമാകുന്നു. ഇൻവെസ്റ്റിഗേഷനിൽ ബാക്കി കാര്യങ്ങൾ പരിശോധിച്ചശേഷം നടപടി സ്വീകരിക്കുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഈ രണ്ടു പേരെ അന്നുതന്നെ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(24) <u>എം.എൽ.എ. യ്ക്കു നേരേയുണ്ടായ ആക്രമണം</u>

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u> ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പുന്ന എന്ന സ്ഥലത്തുവച്ച് ഔദ്യോഗിക പരിപാടിയിൽ പങ്കെടുക്കാൻ ചെന്ന എനിക്കുനേരെ ഗുണ്ടാ ആക്രമണം ഉണ്ടായപ്പോൾ യഥാസമയം പോലീസ് ഇടപെടാത്തതിനെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):</u> എം.എൽ.എ. ഫണ്ടും മുനിസിപ്പാലിറ്റി ഫണ്ടും ചെലവഴിച്ച് നടപ്പിലാക്കിയ പ്രോജക്ടിന്റെ ഉദ്ഘാടന സ്ഥലത്തെ സംബന്ധിച്ച തർക്കമാണ് ഉണ്ടായത്. ഈ സംഭവത്തെത്തുടർന്ന് ശ്രീ. കെ. വി. അബ്ദുൾ ഖാദർ സി. ഐ. ഓഫീസിൽ സമരം ചെയ്യുന്നു എന്ന വിവരം ലഭിച്ച ഉടൻതന്നെ ഇഷ്യൂ സെറ്റിൽ ചെയ്യുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(25) <u>പ്രവാസി മലയാളികളുടെ കണക്കെടുപ്പ്</u>

<u>ശ്രീ. ജോസഫ് വാഴക്കൻ</u> : പ്രവാസി മലയാളികളുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് പരിഹാരം കാണുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും നോർക്കയുടേയും നേതൃത്വത്തിൽ കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തി വ്യക്തമായ കണക്കെടുപ്പ് നടത്താൻ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.സി. ജോസഫ്)</u> : പ്രവാസി മലയാളികളുടെ എണ്ണം, അവരുടെ സാമ്പത്തിക/സാമൂഹ്യ നിലവാരം എന്നിവ സംബന്ധിച്ച് സെന്റർ ഫോർ ഡെലവപ്മെന്റ് സ്റ്റഡീസും നോർക്കയും ചേർന്ന് നടത്തിയ പഠന

റിപ്പോർട്ട്  2009 മുതൽ 2011 വരയുള്ള വിവരങ്ങൾ ചേർത്ത് നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇൻഡ്യയ്ക്ക് അകത്തുള്ള സർവ്വേ പൂർത്തിയായശേഷം പ്രവാസികളെ സംബന്ധിച്ച സർവ്വേ നടത്തി അവരെക്കൂടി ഉൾപ്പെടുത്താമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.  ഇവരുടെ കണക്കെടുപ്പ് നടത്തുന്നതിന് പഞ്ചായത്ത് വകുപ്പുമന്ത്രിയുമായി ആലോചിച്ച് നോർക്കയുടെ സഹകരണത്തോടെ സമഗ്രമായ നടപടി സ്വീകരിക്കുന്നതാണ്.

(26) <u>കൃഷി അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ</u>

<u>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ</u> : കൃഷി അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാനും ഒമ്പതാം ശമ്പളക്കമ്മീഷൻ ശുപാർശ ചെയ്ത ആനുകൂല്യങ്ങൾ നടപ്പിലാക്കുന്നതിനും  പ്രൊമോഷനുള്ള അനുപാതം 2:2:1 എന്നാക്കി മാറ്റുന്നതിനും സീനിയർ ഗ്രേഡ് വിഭാഗത്തിന് അസിസ്റ്റന്റ് അഗ്രിക്കൾച്ചർ ഓഫീസർ എന്ന് നാമകരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. മോഹനൻ)</u>:  കൃഷി വകുപ്പിൽ നിലവിലുള്ള 5085 കൃഷി ഓഫീസർമാരിൽ സീനിയറായ 47 പേരെ കൃഷി ഫീൽഡ് ഓഫീസർ തസ്തികയിൽ നിയമിച്ചിട്ടുണ്ട്.  കൃഷി ഓഫീസർമാർക്ക് 5:3:2 എന്ന അനുപാതത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്. ആകെയുള്ള കൃഷി ഓഫീസർ തസ്തികയുടെ 15 ശതമാനം കൃഷി അസിസ്റ്റന്റുമാരിൽനിന്ന് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നുണ്ട്. ഇതിൽ  പത്തു വർഷത്തെ സേവനവും പി.എസ്.സി. നടത്തുന്ന അർഹത നിർണ്ണയ പരീക്ഷ പാസ്സായതുമായ  കൃഷി അസിസ്റ്റന്റുമാർക്ക്  13 ശതമാനവും  കൃഷി ശാസ്ത്രത്തിൽ ബിരുദ

മുള്ളവർക്ക് രണ്ട് ശതമാനവും വിഭജിച്ച് നൽകിയിട്ടുള്ളതും അർഹമായ പരിഗണന സമയാസമയങ്ങളിൽ നൽകുന്നതുമാണ്.

### (27) പറമ്പിക്കുളത്തേയ്ക്ക് നേരിട്ട് റോഡുകൾ

ശ്രീ. വി. ചെന്താമരാക്ഷൻ : പറമ്പിക്കുളത്തേയ്ക്ക് കേരളത്തിൽനിന്ന് നേരിട്ടുള്ള റോഡിന്റെ അഭാവംമൂലം വിനോദ സഞ്ചാരികൾക്കും ആദിവാസികൾക്കും അനുഭവപ്പെടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് വനം വകുപ്പിന് ഉപയോഗിക്കത്തക്ക രീതിയിൽ ഗാട്ട് റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ) : പറമ്പിക്കുളം മേഖലയിലേയ്ക്ക് സമാന്തര പാതകൾ നിർമ്മിക്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ അനുമതി ആവശ്യമാണ്. നെല്ലിയാംപതി റേഞ്ചിൽ നിലവിലുള്ള നെല്ലിയാംപതി – പറമ്പിക്കുളം ഗാട്ട് റോഡ് നവീകരിക്കുന്നതിനെക്കുറിച്ച് വനം വകുപ്പ് പഠനം നടത്തുന്നതും കേന്ദ്രാനുമതിക്കായി നടപടി സ്വീകരിക്കുന്നതുമാണ്.

### (28) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനം

ശ്രീ. പി.സി. വിഷ്ണുനാഥ് : ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ കണക്കെടുക്കുന്നതിനും അവർക്ക് നിയമ വ്യവസ്ഥയ്ക്കനുസൃതമായ സുരക്ഷ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): കേരളത്തിൽ കുടിയേറിയിട്ടുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി സോഷ്യൽ സെക്യൂരിറ്റി മെഷർ എന്ന നിലയിൽ

ഒരു നിയമനിർമ്മാണത്തെക്കുറിച്ച് സർക്കാർ ആലോചിച്ചുകൊണ്ടിരിക്കുക യാണ്.

### (29) <u>റബ്ബർ റീപ്ലാന്റിംഗ്</u>

<u>ശ്രീ. പി. സി. ജോർജ്:</u> മുണ്ടക്കയം എച്ച്. എം. എൽ. കമ്പനി വക എസ്റ്റേറ്റിലെ റബ്ബർ മരങ്ങൾ മുറിച്ചുമാറ്റി റീപ്ലാന്റ് ചെയ്യാനും തൊഴിലാളി കൾക്ക് തൊഴിൽ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി <u>ശ്രീ. ഷിബു ബേബി ജോൺ):</u> മുണ്ടക്കയം എച്ച്. എം. എൽ. കമ്പനിയുടെ ഉടമസ്ഥതയിലുള്ള എസ്റ്റേറ്റിൽ തടി മുറിക്കുന്നത് സംബന്ധിച്ച പ്രശ്നത്തിന് പരിഹാരം കാണുന്നതിന് സർക്കാർ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

### (30) <u>അന്യസംസ്ഥാന തൊഴിലാളികൾക്ക് ഭൂമി നൽകൽ</u>

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> ദേവികുളം മേഖലയിലെ അന്യസംസ്ഥാന തൊഴിലാളികൾക്ക് ഭരണഘടനാപരമായി ലഭ്യമാകേണ്ട അവകാശങ്ങൾ നിഷേധിക്കുന്ന തരത്തിലുള്ള പരാമർശം ഉണ്ടായിട്ടുണ്ടെങ്കിൽ സത്യ വാങ്മൂലത്തിൽ തിരുത്താൻ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> ദേവികുളം മേഖലയിൽ ഭൂമി വിതരണത്തിനുള്ള അപേക്ഷകൾ വർദ്ധിച്ചുവരികയാ ണെന്നും അപേക്ഷകരിൽ ഏറിയപങ്കും തമിഴ് തൊഴിലാളികളാണെന്നും ഭൂമി വിതരണം നടത്തുമ്പോൾ മലയാളികളെ അവഗണിക്കുന്നതായി പരാതി യുണ്ടെന്നും അത് ക്രമസമാധാന പ്രശ്നങ്ങൾക്കിടയാക്കുമെന്നും പറഞ്ഞിട്ടുണ്ട്. അപേക്ഷകർക്ക് മറ്റ് എവിടെയെങ്കിലും ഭൂമിയുണ്ടോയെന്ന്

വ്യക്തത വരുത്തുന്നതിനായി ഒരു വിജിലൻസ് അന്വേഷണത്തിന് സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി.

(31) കെട്ടിട നിർമ്മാണചട്ടങ്ങളിലെ വ്യവസ്ഥകൾ.

ശ്രീ. പി. ഉബൈദുള്ള:: കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ ലഘൂകരിക്കാനും കോട്ടപ്പടി മൈതാനത്തിന്റെ പണി പൂർത്തിയാക്കാനും അതിനോടനുബന്ധിച്ച് നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾക്ക് കെട്ടിട നമ്പർ നൽകാനും നടപടിയുണ്ടാകണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് നടന്നിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ക്രമവൽക്കരിക്കുന്നതിന് 2010–ൽ സർക്കാർ അവസരമൊരുക്കിയെങ്കിലും ഉത്തരവിലെ വ്യവസ്ഥകൾ കർക്കശമായതിനാൽ ക്രമവൽക്കരണത്തിനുള്ള അപേക്ഷകൾ കുറയുകയും ഭൂരിഭാഗം നിർമ്മാണങ്ങളും അനധികൃതമായി നിലകൊള്ളുകയുമുണ്ടായി. കെട്ടിട നിർമ്മാണസമയത്തെ അജ്ഞതമൂലം നടന്നിട്ടുള്ള ചട്ടലംഘനങ്ങളിന്മേൽ പ്രായോഗികസമീപനം കൈക്കൊള്ളുന്നതാണ്. സേഫ്ടി, സെക്യൂരിറ്റി തുടങ്ങിയവയിൽ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ ഭീമമായ തുക പിഴയായി ഈടാക്കിക്കൊണ്ടും മറ്റ് നിബന്ധനകൾക്ക് വിധേയമായും നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. കോട്ടപ്പടിയുടെ കാര്യം പ്രത്യേക കേസ്സായി പരിഗണിച്ചുകൊണ്ട് യു.എ. നമ്പർ നൽകാനുള്ള പദ്ധതിയും തയ്യാറാക്കു ന്നുണ്ട്.

(32) ബ്രഹ്മപുരം മാലിന്യസംസ്ക്കരണ പ്ലാന്റിൽ ഉണ്ടായ തീപിടിത്തം

ശ്രീ. വി. പി. സജീന്ദ്രൻ: ബ്രഹ്മപുരം മാലിന്യസംസ്ക്കരണ പ്ലാന്റിലുണ്ടായ തീപിടിത്തംമൂലം കുന്നത്തുനാട്, പുത്തൻകുരിശ്ശ് തുടങ്ങിയ പഞ്ചായത്തുകളിലെ ജനങ്ങൾക്കുണ്ടായിരിക്കുന്ന പ്രയാസങ്ങൾക്ക് പരിഹാരം കണ്ടെത്താനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാനും തയ്യാറാകണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): 2013 ഫെബ്രുവരി 15-ാം തീയതി രാവിലെ 11 മണിയോടുകൂടി ബ്രഹ്മപുരം മാലിന്യസംസ്ക്കരണ പ്ലാന്റിലെ പ്ലാസ്റ്റിക് സ്റ്റോറേജ് ഏരിയയിലുണ്ടായ തീപിടിത്തം വൈകുന്നേരം 7 മണിയോടുകൂടി നിയന്ത്രണവിധേയമാക്കിയെങ്കിലും പ്ലാസ്റ്റിക് കത്തിയതുമൂലമുണ്ടായ ദുർഗന്ധവും പുകയും ഇല്ലായ്മചെയ്യുന്നതിനായി ചെമ്മണ്ണ് വിരിക്കുന്ന പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി സമീപവാസികളുടെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തിയിട്ടുണ്ട്. ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുചേർത്ത് പ്രശ്നം പരിഹരിക്കുന്നതാണ്.

## (33) ബ്രിട്ടീഷ് അധിനിവേശ സ്മാരകങ്ങൾ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : മലബാർ കലാപകാലത്തെ ബ്രിട്ടീഷ് പട്ടാള മേധാവികളുടെ സ്മാരകങ്ങൾ അനുമതിയില്ലാതെ പുനർനിർമ്മാണം ചെയ്തത് സംബന്ധിച്ച് അന്വേഷണം നടത്തണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : തിരൂരങ്ങാടി താലൂക്ക് ഓഫീസ്, തിരൂരങ്ങാടി സബ് രജിസ്ട്രാർ ഓഫീസ്, വില്യം ജോൺ ഡെങ്കൺ റൗളയുടെ ശവകുടീരം എന്നിവ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കി 2010 ആഗസ്റ്റ് 2-ാം തീയതി സർക്കാർ വിജ്ഞാപനം

പുറപ്പെടുവിച്ചിട്ടുള്ളതാണ്. അവിടെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നത് പുരാവസ്തു വകുപ്പിന്റെ അറിവോ സമ്മതമോ കൂടാതെയാണ്. കോമൺവെൽത്ത് ഹർഗ്രേവിസ് എന്ന സംഘടനയാണ് ഈ പ്രവൃത്തി ചെയ്തതെന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. കാട് മൂടിക്കിട ന്നിരുന്ന ശവക്കല്ലറ വൃത്തിയാക്കി പെയിന്റ് ചെയ്തതിലുപരി മറ്റ് നിർമ്മാണ പ്രവർത്തനങ്ങളോ കയ്യേറ്റങ്ങളോ ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### (34) ടൂറിസം സർക്യൂട്ട് ആരംഭിക്കുന്നതിന് നടപടി

ശ്രീ. ജോസ് തെറ്റയിൽ : അതിരപ്പിള്ളി, ഏഴാറ്റുമുഖം, കോടനാട്, കാലടി, മലയാറ്റൂർ തുടങ്ങിയ പ്രദേശങ്ങളെ ഉൾപ്പെടുത്തി ടൂറിസം സർക്യൂട്ട് ഏർപ്പെടുത്താനും റോഡ് വികസനം ഉൾപ്പെടെയുള്ള ഒരു സമഗ്ര പദ്ധതി നടപ്പിലാക്കാനും നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ) : അതിരപ്പിള്ളി, ഏഴാറ്റുമുഖം, കോടനാട്, കാലടി, മലയാറ്റൂർ പ്രദേശങ്ങൾ പ്രധാന ടൂറിസം കേന്ദ്രങ്ങളായി കണക്കാക്കി ഘട്ടംഘട്ടമായുള്ള വികസനപദ്ധതികൾ നടപ്പിലാക്കി വരികയാണ്. നബാർഡിന്റെ സഹായത്തോടെ കാലടി-മലയാറ്റൂർ റോഡ് വികസനവും മലയാറ്റൂരിലെ മണപ്പാട്ടുചിറയിൽ 88 ലക്ഷം രൂപയുടെ പദ്ധതിയും ഏഴാറ്റുമുഖം പ്രകൃതിഗ്രാമ പദ്ധതിയും വൈദ്യുതീകരണ പദ്ധതിയും പൂർത്തിയാക്കിയിട്ടുണ്ട്. തുമ്പൂർമുഴി ഡാമും പരിസര പ്രദേശങ്ങളും ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിവരുന്നു. കാലടിയിലും മലയാറ്റൂരിലും പിൽഗ്രിം

ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുകയും ചാലക്കുടിപ്പുഴയ്ക്കും പെരിയാറിനും കുറുകെയായി റോപ്‌വേ അല്ലെങ്കിൽ ഹാംഗിംഗ് ബ്രിഡ്ജ് നിർമ്മിക്കുന്നതിനുമുള്ള സാധ്യതാ പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.. ടി പ്രദേശങ്ങളെ ഉൾപ്പെടുത്തി ടൂറിസം സർക്യൂട്ട് ഏർപ്പെടുത്താനുള്ള ഒരു പ്രോജക്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് ഉടൻ സമർപ്പിക്കുന്നതാണ്.

### (35) സരയൂ പദ്ധതി

ശ്രീമതി ഗീതാ ഗോപി : ഭരണാനുമതി ലഭിച്ച സരയൂ ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കണം

പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ) : കേന്ദ്ര പുരാവസ്തു വകുപ്പിന്റെ അനുമതി ലഭ്യമായാലുടൻ സരയൂ പദ്ധതി ആരംഭിക്കുന്നതാണ്.

### (36) സ്കൂളിന്റെ ശോച്യാവസ്ഥ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താനൂർ സബ് ജില്ലയിലെ കെ.പി.എൻ.എം. എൽ.പി സ്കൂൾ നിയമാനുസൃതം സർക്കാരിന് വിട്ടുകിട്ടുന്നതിന് അനുകൂല ഉത്തരവ് നേടിയെടുക്കുന്നതിനും സ്കൂളിന്റെ ശോചനീയാവസ്ഥ പരിഹരിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : മലപ്പുറം ജില്ലയിലെ കെ.പി.എൻ.എം. യു.പി. സ്കൂളിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാലും ബന്ധപ്പെട്ട കക്ഷികൾ ഒത്തുതീർപ്പിന് തയ്യാറാകാത്തതിനാലും സ്കൂൾ കെട്ടിടവും സ്ഥലവും നഷ്ട പരിഹാരം നൽകി ഏറ്റെടുക്കുന്നത് പ്രായോഗികമല്ല. മാനേജ്മെന്റ് സ്കൂളായതിനാൽ ചെലവ് കൂടിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിയമപരമായ തടസ്സങ്ങളുണ്ട്. സ്കൂളുകളുടെ പ്രവർത്തനവും ഭൗതിക സാഹച

ര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് സാധ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് ഈ സ്കൂളിന് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സാധ്യതകളും പരിശോധിച്ചുവരുന്നു.

(37) പുതിയ വിദ്യാഭ്യാസ ജില്ല

ശ്രീ. ജെയിംസ് മാത്യു: കണ്ണൂർ വിദ്യാഭ്യാസ ജില്ലയെ വിഭജിച്ച് തളിപ്പറമ്പ് ആസ്ഥാനമായി പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ആസ്ഥാനമായി ജില്ലാ വിദ്യാഭ്യാസ ഓഫീസ് രൂപീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ഭരണപരമായ സൗകര്യത്തിനുമായി തളിപ്പറമ്പ് ആസ്ഥാനമായി ജില്ലാ വിദ്യാഭ്യാസ ഓഫീസ് രൂപീകരിക്കണമെന്നും തളിപ്പറമ്പ് മിനി സിവിൽ സ്റ്റേഷനിൽ തളിപ്പറമ്പ് സൗത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്വക കെട്ടിടം ജില്ലാ വിദ്യാഭ്യാസ ഓഫീസിനായി ഉപയോഗിക്കാവുന്നതാണെന്നും ഓഫീസിനാവശ്യമായ ഫർണീച്ചർ മറ്റ് വിദ്യാഭ്യാസ ഓഫീസുകളിൽനിന്നും സ്കൂളുകളിൽനിന്നും ക്രമീകരിക്കാവുന്നതാണെന്നും നിർത്തൽ ചെയ്ത ടെക്സ്റ്റ് ബുക്ക് സ്റ്റോറുകളിലെ ജീവനക്കാരെ നിർദ്ദിഷ്ട ജില്ലാ ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കാവുന്നതാണെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ പുതുതായി തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(38) ലാബ് അസിസ്റ്റന്റ് തസ്തിക

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : ഹയർ സെക്കന്ററി സ്കൂളുകളിൽ നിലവിലുണ്ടായിരുന്ന ലാബ് അസിസ്റ്റന്റുമാരുടെ തസ്തിക പുന:സ്ഥാപിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : സയൻസ് ബാച്ചുകൾ അനുവദിക്കപ്പെട്ട ഹയർ സെക്കന്ററി സ്കൂളുകളിൽ രണ്ട് ലാബ് അസിസ്റ്റന്റുമാരെ വീതം നിയമിക്കാവുന്നതാണെന്ന് 2003–ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. സയൻസ് ബാച്ചുകൾ അനുവദിക്കപ്പെട്ട എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ആവശ്യമായ 272 ലാബ് അസിസ്റ്റന്റ് തസ്തികയിൽ 136 എണ്ണം ഇപ്പോൾ അനുവദിക്കാനും തുടർന്ന് ഓരോ തസ്തികകൂടി അനുവദിക്കാനുമാണ് തീരുമാനം. സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലേയ്ക്കാവശ്യമായ 40 ലാബ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് മുമ്പ് അനുവദിച്ചത് പുനർവിന്യസിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഗവൺമെന്റ്, എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നത് സർക്കാരിന് വൻസാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ നാളിതുവരെ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## (39) റിസോഴ്സ് അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ

ശ്രീ. വി. ശശി: റിസോഴ്സ് അധ്യാപകരുടെ സേവന–വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കാനും ചിറയിൻകീഴ് മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സെന്റ് മാതാ സ്പെഷ്യൽ സ്കൂളിന് എയ്ഡഡ് പദവി നൽകി ഐ.ഇ.ഡി. എസ്സ്.എസ്സ്. പ്രകാരമുള്ള സാമ്പത്തിക സഹായം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : എം.എച്ച്.ആർ. ഡി. യുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് റിസോഴ്സ് അധ്യാപകരുടെ ശമ്പളം 14,620/-രൂപയായി വർദ്ധിപ്പിക്കുന്നതാണ്. റിസോഴ്സ് അധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അഭിപ്രായവും തീരുമാനവും സ്വരൂപിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ രജിസ്ട്രേഷനോടുകൂടി പ്രവർത്തിക്കുന്ന സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾക്ക് നിലവിൽ പ്രതിവർഷം 10 കോടി രൂപ ഗ്രാന്റ്-ഇൻ-എയ്ഡായി നൽകുന്നുണ്ട്.

## (40) കുടിവെള്ളക്ഷാമം

ശ്രീ. ആർ. രാജേഷ്: മാവേലിക്കര മണ്ഡലത്തിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരമായി ജലവിഭവ വകുപ്പിന് കീഴിലുള്ള പദ്ധതികൾ ശക്തിപ്പെടുത്താനും നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കാനും അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): നൂറനാട് ശുദ്ധ ജല വിതരണ പദ്ധതിയുടെ നിലവിലുള്ള കിണറിൽ നിന്നും ശുദ്ധീകരണ ശാലയിലേയ്ക്കുള്ള പമ്പിംഗ് ലൈൻ പൂർത്തീകരിക്കുകയും ടാങ്കിന്റേയും അനുബന്ധ ലൈനിന്റേയും പണി പ്രാരംഭ ഘട്ടത്തിലുമാണ്. 2014 മാർച്ച് മാസത്തോടുകൂടി പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യാവുന്നതും ഭരണിക്കാവ് ശുദ്ധജല വിതരണ പദ്ധതിയുടെ കിണറും ശുദ്ധീകരണശാലയും ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുള്ളതുമാണ്. താമരക്കുളം, പാറമേൽ പഞ്ചായത്തിലേയ്ക്കുള്ള വിതരണ ശൃംഖലയുടേയും മാവേലിക്കരയിൽ 4.5 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണശാലയുടെയും പ്രവർത്തികൾ വിവിധ

ഘട്ടങ്ങളിലാണ്. വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ലോറികളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മാവേലി ക്കരയിലെ കുടിവെള്ള ക്ഷാമത്തിന് എത്രയുംവേഗം പരിഹാരം കാണാവുന്ന താണ്.

## (41) റഗുലേറ്റർ–കം–ബ്രിഡ്ജ്

ശ്രീ. സി. കെ. നാണു: വടകരയിലെ ഗുളികപ്പുഴയിൽ റഗുലേറ്റർ–കം–ബ്രിഡ്ജ് സ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): വടകര മണ്ഡല ത്തിലെ ഗുളികപ്പുഴയിൽ റഗുലേറ്റർ–കം–ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. പുഴകളിൽനിന്നുള്ള അനധികൃതമായ മണൽ വാരൽമൂലം പുഴയുടെ ആഴം ക്രമാതീതമായി വർദ്ധിക്കുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ പരിസ്ഥിതി പഠനം നടത്തിയിരുന്നു. വിശദമായ സാങ്കേതിക പഠനംകൂടി നടത്തിയതിനുശേഷം മാത്രമേ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. റഗു ലേറ്റർ–കം–ബ്രിഡ്ജ് പണിയുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## (42) പറമ്പിക്കുളം–ആളിയാർ കരാർ ലംഘനം

ശ്രീ. കെ. വി. വിജയദാസ്: കേരളത്തിന് അർഹതപ്പെട്ട ജലം നൽകാതെ തമിഴ്നാട് തുടർച്ചയായി കരാർ ലംഘിക്കുന്നതിനെതിരെ സംയോജിതമായി ഇടപെടാനും കേരളത്തിന്റെ താല്പര്യം സംരക്ഷിക്കാനും നടപടിയുണ്ടാക ണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കരാർപ്രകാരം 5.6 ടി.എം.സി. ജലം ലഭിക്കേണ്ട സ്ഥാനത്ത് ജനുവരി 31 വരെ 4.4 ടി.എം.സി. ജലമാണ് കേരളത്തിന് ലഭിച്ചിട്ടുള്ളത്. കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യ മന്ത്രിക്ക് കത്ത് അയയ്ക്കുകയും സംയുക്ത ജലവിതരണ ബോർഡ് യോഗങ്ങളിൽ ശക്തമായ സമ്മർദ്ദം ചെലുത്തുകയും ചെയ്തുവെങ്കിലും ഫലമുണ്ടാകാത്തതിനെത്തുടർന്ന് കരാർ ലംഘനത്തിനെതിരെ സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തി ലാണ്.

## (43) വടകര-മാഹി കനാൽ നിർമ്മാണം

ശ്രീമതി കെ. കെ. ലതിക: സ്ഥലമെടുപ്പ് പൂർത്തിയായിട്ടുള്ളതും സംസ്ഥാന ജലപാതയുടെ ഭാഗവുമായ വടകര-മാഹി കനാലിന്റേയും അനു ബന്ധ പാലങ്ങളുടേയും നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരി ക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): 17.61 കിലോമീറ്റർ നീളം വരുന്ന വടകര-മാഹി കനാലിന്റെ ആദ്യത്തെ നാല് കിലോമീറ്ററിന്റെ പണിക്ക് നബാർഡ് സഹായത്തോടെ 23 കോടി രൂപയുടെ അടങ്കൽ വകയി രുത്തി അനുമതി ലഭിച്ചിട്ടുള്ളതും ടെന്റർ നടപടികൾ പൂർത്തിയാക്കി എഗ്രി മെന്റ് വച്ചിട്ടുള്ളതുമാണ്. 10.13 കിലോമീറ്റർ കനാൽ നിർമ്മിക്കുന്നതിന് മൂന്ന് പദ്ധതികളായി 69 കോടി രൂപയ്ക്ക് പതിമൂന്നാം ധനകാര്യ കമ്മീഷന്റെ അനു മതി ലഭിച്ചിട്ടുള്ളതിനാൽ ടെന്റർ നടപടി പൂർത്തിയായാലുടൻ പണി തുടങ്ങാ വുന്നതാണ്. വടകര-മാഹി കനാൽ പൂർണ്ണമായും സഞ്ചാരയോഗ്യമാക്കാൻ സാധിക്കുന്നതാണ്.

## (44) ചെല്ലഞ്ചിപാലം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : ചെല്ലഞ്ചിപാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ ഫണ്ട് വകയിരുത്തി പദ്ധതി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുക്കുകയും 2010-ൽ സൈറ്റ് കൈമാറുകയും ചെയ്തുവെങ്കിലും പ്രവർത്തന പുരോഗതിയുണ്ടായിട്ടില്ല. റീ-ടെന്ററിംഗ് വഴി കരാറുകാരനെ കണ്ടെത്തി പണി പൂർത്തിയാക്കുന്നതാണ്.

## (45) ആശുപത്രി സൂപ്രണ്ടിന്റെ സ്ഥലംമാറ്റം

ശ്രീ. പി. തിലോത്തമൻ : ദേശീയ അംഗീകാരം ലഭിച്ച ചേർത്തല താലൂക്ക് ആശുപത്രിയുടെ ഉയർച്ചയിൽ നേതൃത്വപരമായ പങ്ക് വഹിച്ച ആശുപത്രി സൂപ്രണ്ടിനെ അടിസ്ഥാനരഹിതമായ കാരണങ്ങളാരോപിച്ച് സ്ഥലം മാറ്റിയ നടപടി പ്രക്ഷോഭത്തിന് ഇടവരുത്തുകയും ആശുപത്രിയുടെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുകയും ചെയ്ത സാഹചര്യത്തിൽ അവരെ തൽസ്ഥാനത്ത് തുടരാൻ അനുവദിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ചേർത്തല താലൂക്ക് ആശുപത്രി സൂപ്രണ്ട് ആശുപത്രി വികസന സമിതിയുടെ അംഗീകാരമില്ലാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി സാമ്പത്തിക ബാധ്യത വരുത്തിവച്ചെന്ന പരാതി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ലഭിക്കുകയുണ്ടായി. എൻ.എ.ബി.എച്ച്. അക്രെഡിറ്റേഷൻ ലഭിച്ചിട്ടുള്ള ചേർത്തല താലൂക്ക് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന്

ആശുപത്രി സൂപ്രണ്ടിന്റെ സഹകരണം ലഭ്യമല്ലെന്ന് മനസ്സിലായതിനാൽ ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ആശയവിനിമയം നടത്തുകയും ഭരണ പരമായ സൗകര്യം മുൻനിറുത്തി സൂപ്രണ്ടിനെ തൃശ്ശൂർ ജില്ലാ ആശുപത്രി ഡെപ്യൂട്ടി സൂപ്രണ്ടായി മാറ്റി നിയമിച്ചിട്ടുള്ളതുമാണ്.

## (46) ഡോക്ടർമാരുടെ നേരിട്ടുള്ള നിയമനം ഒഴിവാക്കൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിലവിലുള്ള വ്യവസ്ഥയ്ക്ക് വിരുദ്ധമായി മഞ്ചേരി മെഡിക്കൽ കോളേജിൽ പ്രൊഫസർ, അസോഷ്യേറ്റ് പ്രൊഫസർ, അസിസ്റ്റന്റ്, തുടങ്ങിയ തസ്തികകളിലേയ്ക്ക് നിയമനത്തിനുവേണ്ടി പത്രപരസ്യം നൽകിയ നടപടി അനുവദിക്കാൻ കഴിയാത്തതിനാൽ അടിയന്തരിമായി പി.എസ്.സി. വഴി നിയമനം നടത്താൻ തയ്യാറാകണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): 2013-14 അധ്യയന വർഷം പ്രവർത്തനം ആരംഭിക്കുന്ന മഞ്ചേരി മെഡിക്കൽ കോളേജിന്റെ ഒന്നാംഘട്ടത്തിനാവശ്യമായ സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും 108 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഡോക്ടർമാരുടെ വിവിധ കാറ്റഗറിയിലുള്ള 55 തസ്തികകൾ ഒഴിച്ച് 12 സീനിയർ റെസിഡന്റ്, 16 ജൂനിയർ റെസിഡന്റ് എന്നീ തസ്തികകളിൽ താൽക്കാലിക നിയമനമാണ് നടത്തുന്നത്. മെഡിക്കൽ എഡ്യുക്കേഷൻ സർവ്വീസിന്റെ ഭാഗമായി സൃഷ്ടിച്ച 55 തസ്തികകളിൽ ഉയർന്ന തസ്തികകൾ സർവ്വീസിലുള്ളവരുടെ പ്രൊമോഷൻ വഴിയും തുടർന്നുവരുന്ന ഒഴിവുകളും എൻട്രി കേഡർ തസ്തികകളും പി.എസ്.സി. വഴിയുമാണ് നിയമിക്കേണ്ടത്. പ്രൊമോഷൻ വഴി നികത്തുന്നതിന് ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി ചേർന്ന് സെലക്ട് ലിസ്റ്റ് തയ്യാ

റാക്കുന്ന പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. എൻട്രി കേഡർ നിയമനം പി.എസ്.സി.യെ മറികടന്ന് നടത്താൻ ഉദ്ദേശിക്കുന്നില്ല.

(47) റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണത്തിലെ കാലതാമസം

ശ്രീ. സി. കൃഷ്ണൻ: പയ്യന്നൂർ റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): പയ്യന്നൂർ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനായി ജി.പി.റ്റി. ഇൻഫ്രാ പ്രോജക്ട്സ് ലിമിറ്റഡ് എന്ന കമ്പനി എഗ്രിമെന്റ് വച്ച് 21-6-10-ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിലും ആർ.ബി.ഡി.സി.കെ. യുടെ (Roads and Bridges Development Corporation of Kerala) പോർഷനിൽ രണ്ട് അഡ്ജസെന്റ് സ്പാൻ ഒഴികെയുള്ള ബാക്കിയെല്ലാ പണികളും 31-5-12-ൽ പൂർത്തീകരിച്ചിട്ടുണ്ട്. അഡ്ജസെന്റ് സ്പാൻ വർക്ക് 31-5-13 നു മുൻപ് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

**റിപ്പോർട്ട് സമർപ്പണം**

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ക്രമപ്രശ്നം**

1. <u>നിയമങ്ങൾക്ക് സമയബന്ധിതമായി ചട്ടങ്ങൾ ഉണ്ടാക്കുന്നതു സംബന്ധിച്ച്</u>

<u>ശ്രീ. എം.ഉമ്മർ:</u> നിയമസഭ പാസ്സാക്കുന്ന ആക്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ 90 ദിവസങ്ങൾക്കകം കരട് ചട്ടങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നാണ് നിയമസഭയുടെ ചട്ടം 238(2) അനുശാസിക്കുന്നത്. 2010–ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട്, 2009–ലെ ദി പമ്പാ റിവർ ബേസിൻ അതോറിറ്റി ആക്ട്, 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണവും സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്ട്, 2011-ലെ ദി പ്ലാച്ചിമട കൊക്കകോള വിക്ടിംസ് റീലീഫ് ആന്റ് കോമ്പൻസേഷൻ ക്ലെയിംസ് സ്പെഷ്യൽ ട്രിബ്യൂണൽ ആക്ട്, 2012-ലെ ശമ്പളവും ബത്തകളും സംബന്ധിച്ച (ഭേദഗതി) നിയമം, പ്രോപ്പർട്ടി ടാക്സ് ആക്ട് എന്നിവയ്ക്ക് ഇതുവരെ ചട്ടങ്ങൾ തയ്യാറാക്കി സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്തിട്ടില്ല. ചട്ടങ്ങൾ പുറപ്പെടുവിക്കാത്തതുമൂലം പ്രയോഗികതലത്തിൽ കൊണ്ടുവരാൻ കഴിയാത്ത നിയമങ്ങളെക്കുറിച്ച് ഒരു കണക്കെടുപ്പ് നടത്തണം. ആക്ടുകൾ പുറപ്പെടുവിക്കുന്നതോടൊപ്പംതന്നെ സമയബന്ധിതമായി ചട്ടങ്ങളും പുറപ്പെടുവിക്കാൻ നടപടിയുണ്ടാകുന്നതിനെ സംബന്ധിച്ച് റൂളിംഗ് ഉണ്ടാകണം.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: ആക്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയാൽ 90 ദിവസങ്ങൾക്കുള്ളിൽ ചട്ടങ്ങളുണ്ടാക്കണമെന്ന വ്യവസ്ഥയുണ്ടെങ്കിലും കാലതാസമുണ്ടായിട്ടുണ്ട്. ആക്ടുകൾ നിയമവകുപ്പാണ്

തയ്യാറാക്കുന്നതെങ്കിലും ചട്ടങ്ങൾ ബന്ധപ്പെട്ട ഭരണവകുപ്പുകളാണ് തയ്യാറാക്കേണ്ടത്. ഭരണവകുപ്പിൽ നിന്നും കിട്ടുന്ന മുറയ്ക്ക് നിയമവകുപ്പ് കാലതാമസം കൂടാതെ സൂക്ഷ്മ പരിശോധന നടത്തി അത് ഭരണ വകുപ്പിന് തിരികെ നൽകി സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരികയാണ് ചെയ്യുന്നത്. ഇവിടെ സൂചിപ്പിച്ച ആക്ടുകളെ സംബന്ധിച്ച ചട്ടങ്ങൾ ഉണ്ടാക്കുന്ന നടപടി വിവിധ ഘട്ടങ്ങളിലായി നടന്നുവരികയാണ്. അത് കാലതാമസം ഒഴിവാക്കി എത്രയും വേഗത്തിലാക്കാൻ ശ്രദ്ധിക്കുന്നതാണ്.

ശ്രീ. എ.കെ. ബാലൻ: 24–2–2011–ൽ കേരള നിയമസഭ പാസ്സാക്കിയ കൊക്കകോള വിക്ടിം റീലീഫ് ആന്റ് കോമ്പൻസേഷൻ ക്ലെയിംസ് സ്പെഷ്യൽ ട്രിബ്യൂണൽ ആക്ടിന് രാഷ്ട്രപതിയുടെ അംഗീകാരം കിട്ടാനുള്ള സാഹചര്യമില്ലാത്ത സ്ഥിതിക്ക് മുഖ്യമന്ത്രി പ്രത്യേക താല്പര്യമെടുത്ത് രാഷ്ട്രപതിയുടെ അംഗീകാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എത്രയുംപെട്ടെന്ന് ബന്ധപ്പെട്ട മന്ത്രാലയങ്ങളുടെ അനുമതി വാങ്ങി രാഷ്ട്രപതിയുടെ അംഗീകാരം ലഭ്യമാക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തും.

**റൂളിംഗ്**

മി. സ്പീക്കർ: നിയമസഭ പാസ്സാക്കിയ അഞ്ച് നിയമങ്ങൾ സംബന്ധിച്ച റൂളുകൾ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല എന്നതാണ് ശ്രീ.എം. ഉമ്മർ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. നിയമസഭാ നടപടി ചട്ടം 238(2) പ്രകാരം ഒരു സ്റ്റാറ്റ്യൂട്ട് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾക്ക് അനുസൃതമായി ഉണ്ടാക്കേണ്ടതായിട്ടുള്ള കരട് ചട്ടങ്ങൾ എത്രയുംവേഗം തയ്യാറാക്കേണ്ടതും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക്, ഏതൊരു സംഗതിയിലും പ്രസ്തുത ആക്ടിന്റെ ഗസ

റ്റിലെ പ്രസിദ്ധീകരണ തീയതി മുതൽ 90 ദിവസങ്ങൾക്ക് പിൻപല്ലാതെ അയച്ചുകൊടുക്കേണ്ടതുമാണ്. സബ്ജക്ട് കമ്മിറ്റികൾ ചട്ടങ്ങൾ കൈപ്പറ്റിയ തീയതി മുതൽ 3 മാസത്തിനുള്ളിൽ അവ പരിഗണിക്കേണ്ടതാണ്. നിയമസഭാ നടപടി ചട്ടത്തിൽ ഈ ഭേദഗതി 08–04–2010-ൽ വരുത്തിയതാണ്. നിയമസഭ പാസ്സാക്കുന്ന നിയമങ്ങൾക്ക് ചട്ടം 238(2)-ൽ അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ ചട്ടങ്ങൾ ഉണ്ടാക്കി പ്രസ്തുത നിയമം നടപ്പിൽ വരുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സർക്കാർ ഭാഗത്തുനിന്നും സ്വീകരിക്കണമെന്ന് ചെയർ റൂൾ ചെയ്തു.

**2. <u>അടിയന്തരചോദ്യം അനുവദിക്കുന്നത് സംബന്ധിച്ച്</u>**

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: ചോദ്യോത്തര സമയം കഴിഞ്ഞതിനുശേഷം മാത്രമേ ഷോർട്ട് നോട്ടീസ് ക്വസ്റ്റ്യൻ അനുവദിക്കാവൂ എന്ന വ്യക്തമായ റൂൾസുള്ളപ്പോൾ അതിന് വിരുദ്ധമായൊരു കീഴ്വഴക്കമുണ്ടാക്കുന്നത് ശരിയല്ല. പ്രീസിഡന്റ്സ് റൂൾസിന് വിധേയമായതുകൊണ്ട് റൂൾസിൽ മാറ്റം വരുത്തണം.

<u>റൂളിംഗ്</u>

<u>മി. സ്പീക്കർ</u>: ചട്ടപ്രകാരം അടിയന്തരചോദ്യം സംബന്ധിച്ച് വാക്കാൽ മറുപടി പറയുന്നതിനുള്ള ചോദ്യങ്ങളുടെ പട്ടികയിൽ കാണുന്ന ചോദ്യങ്ങൾ തീർപ്പാക്കിയതിനുശേഷം ഉടൻതന്നെ അടിയന്തരചോദ്യം വിളിക്കേണ്ടതാണ്. ടി ചട്ടങ്ങൾ കൃത്യമായി പാലിക്കണമെങ്കിൽ ലിസ്റ്റ് പ്രകാരമുള്ള 30 ചോദ്യങ്ങളുടെയും പരിഗണനയ്ക്കുശേഷം മാത്രമേ അനുമതി നൽകാൻ സാധിക്കുകയുള്ളൂ. ചട്ടപ്രകാരം ചോദ്യോത്തരങ്ങൾക്കുള്ള സമയം ഒരു മണിക്കൂറായി നിജപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ 30 വർഷമായി നിയമസഭ പിന്തുടർന്നു

വരുന്നതനുസരിച്ച് ചോദ്യോത്തരവേള അവസാനിക്കുന്നതിന് മുമ്പ് അഞ്ച് മിനിറ്റ് ഇതിനായി അനുവദിക്കുകയെന്ന നടപടിക്രമമാണ് സ്വീകരിച്ചത്.

<u>നിയമ നിർമ്മാണകാര്യം</u>:

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

(1) <u>2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ</u>

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. കെ. എം. മാണി)</u>: പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻചാണ്ടി)</u>: നിയമസഭാ സാമാജികർക്ക് പുസ്തകങ്ങൾ വാങ്ങുന്നതിന് ഒരു വർഷം 15,000/- രൂപ വീതം നൽകുന്നതിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2012–ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): പ്രമേയത്തെ പിന്താങ്ങുന്നു.

2012–ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (2) 2013–ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പരിഗണന

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013–ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഈ ബില്ലിൽ പ്രധാന ആക്ടിലെ 2–ാം വകുപ്പിൽ 2–ാം ഖണ്ഡത്തിലെ (i)–ാം ഉപഖണ്ഡത്തിൽ 'നിയമിക്കുന്ന' എന്ന വാക്കിനുപകരം 'ചുമതലപ്പെടുത്തുന്ന' എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. ചുമതല നിർവ്വഹിക്കുന്നതിന് പ്രത്യേക തസ്തിക സൃഷ്ടിക്കുന്നത് ഒഴിവാക്കുന്നതിനായി ജോയിന്റ് കമ്മീഷണറുടെ പദവിയിൽ

താഴെയല്ലാത്ത ഉദ്യോഗസ്ഥനെ ഏൽപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പുതിയതായി ചേർക്കാൻ ഉദ്ദേശിക്കുന്ന 2–ാം വകുപ്പു പ്രകാരം രൂപീകരിക്കുന്ന സംസ്ഥാന ഉന്നതതല സമിതിയുടെ കൺവീനർ ലാന്റ് റവന്യൂ കമ്മീഷണർ എന്നതിനുപകരം റവന്യൂ വകുപ്പിന്റെ ചുമതലയുള്ള ഗവണ്മെന്റ് സെക്രട്ടറി ആയിരിക്കണമെന്നും ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രധാന ആക്ടിലെ 5–ാം ഉപവകുപ്പ് അനുസരിച്ച് ജില്ലാ വിദ്ഗ്ദ്ധ സമിതിയിലെയും കടവ് കമ്മിറ്റിയിലെയും അനൗദ്യോഗികാംഗങ്ങളുടെ കാലാവധി 3 വർഷം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സമാനമായ വ്യവസ്ഥ പുതുതായി ചേർത്ത 2 (എ) വകുപ്പുപ്രകാരം രൂപീകരിക്കാൻ പോകുന്ന സംസ്ഥാന ഉന്നതതല സമിതിയിലെ അനൗദ്യോഗികാംഗങ്ങൾക്കും ബാധകമാക്കുന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. 4–ാം ഖണ്ഡത്തിലെ (i)–ാം ഉപഖണ്ഡപ്രകാരം പ്രധാന ആക്ടിന്റെ പ്രധാന ഉപവകുപ്പിൽ ചേർക്കാൻ ഉദ്ദേശിച്ചിരുന്ന ഈ കണ്ടെത്തലിൽനിന്നും 3–ാം വകുപ്പിലെ (2)–ാം ഉപവകുപ്പിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന (i) (പി) ഖണ്ഡത്തിൽ "സബ്കളക്ടർ അഥവാ " എന്ന പ്രയോഗം ഒഴിവാക്കിയിട്ടുണ്ട്. 5–ാം ഖണ്ഡത്തിലെ (ii) –ാം ഉപഖണ്ഡപ്രകാരം പ്രധാന ആക്ടിലെ 4–ാം വകുപ്പ് (1)–ാം ഉപവകുപ്പിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന ('ജെ')

ഖണ്ഡത്തിനുപകരം "പ്രസ്തുത പ്രദേശത്തെ രജിസ്റ്റർ ചെയ്ത മണൽവാരൽ തൊഴിലാളി സംഘടനകളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 3 പേർ" എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രധാന ആക്ടിലെ 12–ാം വകുപ്പിൽ 7–ാം ഖണ്ഡത്തിൽ (ii) 4–ാം ഉപവകുപ്പ് അനുസരിച്ച് നദീതീരത്ത് 10 മീറ്ററിനു

ളളിൽ യാതൊരു മണൽവാരൽ പ്രവർത്തനവും നടത്താൻ പാടില്ല എന്ന നിയമം കർക്കശമാക്കാനായി 15 മീറ്റർ എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. 5–ാം ഉപവകുപ്പിന് പകരം ബില്ലിലെ 7–ാം ഖണ്ഡപ്രകാരം ചേർത്ത ഉപവകുപ്പിൽ ആവശ്യമായ ഭേദഗതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. റിവർ മാനേജ്മെന്റ് ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിക്കണമെന്ന് 9–ാം ഖണ്ഡപ്രകാരം 17–ാം വകുപ്പിൽ പുതുതായി ചേർക്കാൻ ഉദ്ദേശിക്കുന്ന 6–ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടങ്ങൾ രൂപീകരിക്കുന്നതിലൂടെ റിവർ മാനേജ്മെന്റ് ഫണ്ട് ചെലവഴിക്കാനും നദീതീരങ്ങൾ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കാനും കഴിയുന്നതാണ്.

ശ്രീ. എ. പ്രദീപ് കുമാർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. നദികളുടെ സംരക്ഷണം സർക്കാരിന്റെ ഉത്തരവാദിത്വമാണ്. നദികളെ സംരക്ഷിക്കാൻ ഇരുകരകളിൽനിന്നും 25 മീറ്ററെങ്കിലും അകലെനിന്ന് മാത്രമേ മണൽ ഖനനം ചെയ്യാവൂ എന്ന് നിഷ്കർഷിക്കണം. പ്രത്യേക സംരക്ഷണ സേനയുടെ ഘടനയും അധികാരങ്ങളും ചുമതലകളും ബില്ലിൽ വ്യക്തമാക്കിയിട്ടില്ല. ധനകാര്യ മെമ്മോറാണ്ടത്തിൽ ചെലവിനെക്കുറിച്ച് യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല.. കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ അതീവ ദുർബലമാണ്. കടവ് കമ്മിറ്റിയിലും മേൽനോട്ടത്തിനായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന സംസ്ഥാനതല സമിതിയിലും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥരെ അംഗങ്ങളാക്കിയിട്ടില്ല. മണൽ ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൾ കൊള്ള ചെയ്യുന്നവരോടുള്ള സമീപനം കർക്കശമാക്കണം.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ശാസ്ത്രീയ പഠനങ്ങളൊന്നുമില്ലാതെ കടവുകളിൽ നിന്ന് മണൽ വാരുന്നത് പരിസ്ഥിതി പ്രശ്നങ്ങളുണ്ടാക്കും. ഓരോ കടവിലും വാരാൻ കഴിയുന്ന മണലിന്റെ അളവ് നിശ്ചയിക്കാൻ അധികാരപ്പെടുത്തിയ കടവ് കമ്മിറ്റികളിലും സംസ്ഥാനതല സമിതിയിലും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ പ്രാതിനിധ്യം ഉറപ്പു വരുത്തണം. കടവ് കമ്മിറ്റിയിൽ റവന്യു ഉദ്യോഗസ്ഥന്മാർക്ക് നിർണ്ണായകമായ അധികാരം നൽകുന്നതോടൊപ്പം നിയമലംഘകർക്ക് കർശനമായ ശിക്ഷ ഉറപ്പാക്കണം. പുഴയുടെ രണ്ട് കരയിൽ നിന്നും ചുരുങ്ങിയത് 25 മീറ്ററെങ്കിലും വിട്ടു മാത്രമേ മണൽ ഖനനം അനുവദിക്കാവൂ. ഉന്നതതല സമിതി രൂപീകരിക്കുമ്പോൾ അതിൽ തൊഴിലാളി പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തേണ്ടതും അനധികൃതമായി മണൽ കടത്തുന്ന വാഹനങ്ങൾ പിടിച്ചു കഴിഞ്ഞാൽ അതിലെ മണലിന്റെ അളവ് സംബന്ധിച്ച് കൃത്യതയുണ്ടാകുകയും വേണം. സംരക്ഷണ സേന രൂപീകരണത്തെ സംബന്ധിച്ച് കൂടുതൽ വിശദീകരണം ആവശ്യമാണ്. പെർമിറ്റ് കൊടുത്ത് മണൽ എടുത്തുകൊണ്ടുവരുന്ന വാഹനങ്ങൾക്ക് തിരിച്ചറിയൽ നമ്പർ കൊടുക്കേണ്ടതും മണൽ എടുക്കുന്ന സ്ഥലം വേർതിരിക്കപ്പെടേണ്ടതുമാണ്. റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം സംബന്ധിച്ച് ഒരു പരിശോധനയും നടക്കുന്നില്ല. ഈ ഫണ്ട് നദികളുടെ സംരക്ഷണത്തിനും മാലിന്യനിർമ്മാർജ്ജനത്തിനും വിനിയോഗിക്കണം. നദിയിലേയ്ക്ക് മാലിന്യം ഒഴുക്കിവിടുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കണം. റിവർ മാനേജ്മെന്റ് ഫണ്ടും മണൽ വിതരണവും ലേലവും ആഡിറ്റ് ചെയ്യുന്നതിന് സംവിധാനം ഉണ്ടാകണം. സാന്റ് ആഡിറ്റ് നടത്തുന്നതോടൊപ്പം പുഴയ്ക്കും പ്രകൃതിക്കും നാശമുണ്ടാക്കാത്തവിധം ശാസ്ത്രീയമായി നിശ്ചയിക്കപ്പെട്ട സ്ഥലത്തു

നിന്ന് മണൽ ശേഖരിക്കുകയും വേണം. മണൽ ചാക്കുകളിലാക്കി സിമെന്റു പോലെ വില്പന നടത്തുന്നത് മണലിന്റെ ദുരുപയോഗം കുറയ്ക്കും. പോലീസ് സ്റ്റേഷന്റെ മുന്നിൽ ട്രാഫിക്കിന് തടസ്സമായി കിടക്കുന്ന വണ്ടികളിലെ മണൽ ലേലം ചെയ്ത് കൊടുക്കണം. മണൽ മാഫിയകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കണം.

ശ്രീ. വി.എസ്. സുനിൽ കുമാർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ഭേദഗതി കൊണ്ട് മണൽ മാഫിയകളെ നിയന്ത്രിക്കുന്നതിനോ നദീതീരങ്ങളെ സംരക്ഷിക്കുന്നതിനോ കഴിയുകയില്ല. ഈ നിയമത്തിന്റെ പരിധിയിൽ വരാത്ത സ്ഥലങ്ങൾ ഇനിയുമുണ്ട്. നദികൾ സംരക്ഷിക്കപ്പെടണം. മണൽ വാരൽമൂലം പുഴകളുടെ അടിത്തട്ട് താഴ്ന്നുപോകുന്നുവെന്നാണ് ഭൗമ ശാസ്ത്ര പഠന കേന്ദ്രം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കെട്ടിട നിർമ്മാണ മേഖലയിൽ മണലിന് പകരമായി മറ്റെന്തെങ്കിലും ഉപയോഗിക്കാൻ കഴിയുമോ യെന്നതു സംബന്ധിച്ച് പഠനം നടത്തണം. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്നതിനെതിരെ കർശന നടപടി സ്വീകരിക്കണം. നീർച്ചാലുകൾ സംരക്ഷിക്കുന്നതിനുള്ള പ്രോജക്ടുകൾ ഉണ്ടാക്കി പ്രകൃതിയുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കണം. പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ നടക്കുന്ന മണൽ കൊള്ള തടയുന്നതിനാവശ്യമായ നിയമം കൊണ്ടുവരണം. മണൽ കൊള്ള തടയുന്നതിനായി രൂപീകരിക്കുന്ന പ്രത്യേക സേനയെക്കുറിച്ചും മണൽ വില നിയന്ത്രണത്തെക്കുറിച്ചും വ്യക്തമാക്കണം. പുഴയുടെ ഇരു കരകളിൽനിന്നും 25 മീറ്റർ മാറി മാത്രമേ ഖനനം നടത്താൻ പാടുള്ളു എന്ന വ്യവസ്ഥ ബില്ലിൽ കൊണ്ടുവരണം. മണലിന്റെ ആവശ്യകത കുറയ്ക്കാൻ സമാന്തര സംവിധാനങ്ങൾ കൊണ്ടുവരുന്നതിനെപ്പറ്റി സർക്കാർ ഗൗരവമായി

ആലോചിക്കുകയും കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും വേണം.

ശ്രീ. ജോസഫ് വാഴക്കൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം കണക്കിലെടുത്ത് ബദൽ സംവിധാനങ്ങൾ കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കണം. മണലിന്റെ വില വർദ്ധിച്ചിരിക്കുന്ന സാഹചര്യം പറയാതെ നിയമനിർമ്മാണം നടത്തിയതുകൊണ്ടുമാത്രം ഈ മേഖലയിലെ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയില്ല. മണലിന്റെ വിപണനം സമ്പൂർണ്ണമായും സർക്കാരിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരണം. എല്ലാ ജില്ലകളിലും കലവറയിലൂടെ മണൽ വിതരണം നടത്തണം. കടലിൽ നിന്നും മണൽ എടുക്കാനുള്ള സാദ്ധ്യതകളെപ്പറ്റി ആലോചിക്കണം. ആർ.എം.എഫ്. ഫണ്ട് ചെലവഴിക്കുന്നതിൽ വ്യക്തമായ നിർദ്ദേശങ്ങൾ കൊണ്ടുവരികയും പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നദികളിൽ തടയണകൾ നിർമ്മിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കാനും നദികളും പുഴകളും സംരക്ഷിക്കാനും നടപടിയുണ്ടാകണം.

ശ്രീ. മുല്ലക്കര രത്നാകരൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.. നദികളിൽനിന്നും മണൽ വാരുന്നത് ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. കടവുകളിൽനിന്നെടുക്കാവുന്ന മണലിന്റെ അളവ്

നിശ്ചയിക്കുന്നത് അപ്രായോഗികമാണ്. നദികളിൽനിന്ന് മണൽ വാരുന്നതിന്റെ ദൂരം നിശ്ചയിക്കുന്നത് ശാസ്ത്രീയമായിട്ടായിരിക്കണം. വീതികുറഞ്ഞ നദികളെ മണലെടുക്കുന്നതിൽനിന്നും ഒഴിവാക്കണം. നദീ സംരക്ഷണത്തിന് നദിയുടെ കരയിലുള്ള താമസക്കാർക്കും സ്ഥാപനങ്ങൾക്കും പങ്കാളിത്തമുള്ള ഒരു സംവിധാനം ഉണ്ടാകണം. ഭൂഗർഭ ജലത്തിന്റെ അളവ് താഴോട്ടുപോയിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നദികളെ അതിന്റെ ഉത്ഭവസ്ഥാനം മുതൽ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം. പാവപ്പെട്ടവർക്ക് വീട് നിർമ്മാണത്തിന് സൗജന്യമായി മണൽ കൊടുക്കണം. നദികൾക്ക് ദോഷകരമാകുന്ന വികസനപ്രവർത്തനങ്ങൾ നിയന്ത്രിക്കണം. ജലവിഭവ വകുപ്പ്, വാട്ടർ അതോറിറ്റി, സി.ഡബ്ല്യൂ.ആർ.ഡി.എം. തുടങ്ങിയവയുടെ സംയോജനത്തോടെ നദീ സംരക്ഷണ പദ്ധതികൾക്ക് രൂപം നൽകണം

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ബില്ലിനോടനുബന്ധിച്ച് ചർച്ചയിൽ വന്ന നിർദ്ദേശങ്ങൾ ഗൗരവമായി പരിശോധിക്കുന്നതാണ്. റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കപ്പെടേണ്ടത് സംബന്ധിച്ച് ചട്ടങ്ങളിൽ വ്യക്തമായ വ്യവസ്ഥ ചേർക്കുന്നതാണ്. മണൽക്ഷാമംമൂലം നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് അന്യസംസ്ഥാനങ്ങളിൽനിന്ന് മണൽ കൊണ്ടുവരണമെന്നും കടൽമണൽ ഉപ്പുരസം മാറ്റിയതിനുശഷം വിതരണം ചെയ്യണമെന്നുമുള്ള നിർദ്ദേശം ഗൗരവമായി ആലോചിക്കുന്നതാണ്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013–ലെ കേരള നദീ തീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2–ാം വകുപ്പ്

106, 107, 108, 109, 110 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

3–ാം വകുപ്പ്

111, 112, 113, 114, 115, 116, 117, 118, 119, 120, 121, 122, 123, 124, 125, 126, 129, 130, 132, 133, 134, 135, 136, 137, 138, 139, 140, 141, 142, 143, 144, 145, 146, 147, 148, 151, 152, 153 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

(152)–ാം നമ്പർ ഭേദഗതി ഭേദഗതികളോടുകൂടി സ്വീകരിച്ചു.

ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 എ(7) നുശേഷം താഴെപ്പറയുന്നത് ചേർക്കുക.

“(8) കാലാവധി പൂർത്തിയാക്കിയ അനൗദ്യോഗിക അംഗങ്ങൾക്ക്, അവർക്ക് പകരം പുതിയ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതുവരെ സമിതിയിൽ തുടരാവുന്നതാണ് ”.

(157.) ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2ബി(2)–ൽ,

“ഈ ആക്ട് പ്രകാരം ” എന്നീ വാക്കുകൾ നീക്കം ചെയ്യുകയും

" പ്രവർത്തിക്കുന്ന" എന്ന വാക്കിനു പകരം " പ്രവർത്തിക്കേണ്ട" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. വി.എസ്. സുനിൽ കുമാർ അവതരിപ്പിച്ച 120, ശ്രീ. എ.കെ. ബാലൻ അവതരിപ്പിച്ച 125 നമ്പർ ഭേദഗതികൾ 52 നെതിരെ 67 വോട്ടുകളോടെ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

159,160,161,162, 163,164, 165, 166, 167,168 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

5-ാം വകുപ്പ്

169, 170, 171, 172, 174, 175, 176 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

6-ാം വകുപ്പ്

177, 178, 179, 180, 181, 182, 183 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

7-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

ഖണ്ഡം 7-ൽ " (ii) (4)-ാം ഉപവകുപ്പിൽ "10" എന്ന അക്കത്തിനുപകരം "15" എന്ന അക്കം "ചേർക്കുക" എന്നതിനുപകരം "ചേർക്കേണ്ടതാണ്" എന്നും 10-ാം ഉപവകുപ്പിന് ശേഷം "(iii) (10)-ാം ഉപവകുപ്പിനുശേഷം എന്നു തുടങ്ങുന്ന വരിയിൽ "(iii)" എന്നതിനുപകരം "(iv) " എന്നും മാറ്റേണ്ടതാണ്.

മന്ത്രി താഴെപ്പറയുന്ന 188-ാം നമ്പർ ഭേദഗതി സ്വീകരിച്ചു.

ഖണ്ഡം 7(iii) പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 12(5)-ൽ "നദീതീരത്തുവച്ച്" എന്ന വാക്കിന് പകരം "നദീതീരത്തു വച്ചോ നദിയിലെ മണൽത്തിട്ടയിൽ വച്ചോ നദീഭാഗത്ത് വച്ചോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

184, 185, 187, 188, 189, 190, 191, 192, 193, 194, 195, 196 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

## 8-ാം വകുപ്പ്

198, 199, 200, 201, 202, 203, 204, 205, 207 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

## 9-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

ഖണ്ഡം 9-ൽ പ്രധാന ആക്ടിലെ 17-ാം വകുപ്പിൽ,- (i)(4)-ാം ഉപവകുപ്പിൽ എന്നത് മാറ്റി 17-ാം വകുപ്പിൽ (i)(4) -ാം ഉപവകുപ്പ് എന്നാക്കിമാറ്റേണ്ടതാണ്.

208, 209, 210, 211, 212, 213, 214 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. എസ്. സുനിൽ കുമാർ അവതരിപ്പിച്ച 208-ാം നമ്പർ ഭേദഗതി 53 നെതിരെ 69 വോട്ടുകളോടെ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>10-ാം വകുപ്പ്</u>

215, 216, 217, 219, 220, 221, 222, 223, 224, 225, 226, 227, 228, 229, 230, 231, 232, 233, 234, 235, 236, 237, 238, 239, 240, 241, 243, 244, 245, 246, 247, 248, 249, 250, 251 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

215-ാം നമ്പർ ഭേദഗതിയും 231-ാം നമ്പർ ഭേദഗതി താഴെപ്പറയുംവിധം ഭേദഗതിയോടുകൂടിയും മന്ത്രി സ്വീകരിച്ചു.

(215) "ഖണ്ഡം 10 പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 23-ാം വകുപ്പിൽ 'ചെയ്യുന്നിടത്ത്' എന്ന വാക്കിനു പകരം 'ചെയ്യുന്നപക്ഷം' എന്ന വാക്കു ചേർക്കുക"

(231) "ഖണ്ഡം 10 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 23 എ(4) വകുപ്പിൽ "ആളിനെയോ" എന്ന വാക്കിനുശേഷം "രേഖാമൂലം" എന്ന വാക്ക് ചേർക്കുക ".

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. മോഹനൻ):</u> പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> മണലിന്റെ സൂക്ഷിപ്പും വിതരണവും പൊതുമേഖലയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കണം. മണൽ മാഫിയയും ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരും തമ്മിലുള്ള അവിശുദ്ധ ബന്ധം അവസാനിപ്പിക്കണം. മണലിന് കൃത്രിമക്ഷാമം സൃഷ്ടിക്കുന്ന മണൽമാഫിയയുടെ പ്രവർത്തനം നിയന്ത്രിക്കണം. 0

കടൽ മണലിലുള്ള ഉപ്പ് നീക്കം ചെയ്ത് ശുദ്ധീകരിക്കുന്ന പ്രക്രിയയെ സംബ ന്ധിച്ച് ആലോചിക്കണം. സംരക്ഷണ സേന രൂപീകരിക്കാനായി പുതിയ തസ്തികകൾ സൃഷ്ടിച്ച് ആയിരം പോലീസുകാരെ റിക്രൂട്ട് ചെയ്യണം.

ശ്രീ. രമേശ് ചെന്നിത്തല: മണൽ മാഫിയയെ നിയന്ത്രിക്കണം. നദി കളുടെ സംരക്ഷണം ദേശീയ തലത്തിൽ വളരെ പ്രധാന്യം നേടിയിട്ടുണ്ട്. ഇതിലേയ്ക്കായി പ്രധാനമന്ത്രി ചെയർമാനായി നാഷണൽ റിവർ കൺസർവേഷൻ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. കടൽ മണൽ ഉപ്പുരസം മാറ്റി നിർമ്മാണപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ പൊതു അഭിപ്രായ സമന്വയമു ണ്ടാകണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): നദികളിൽ നിന്ന് ഒഴുകിവരുന്ന മണലിന്റെ വൻ നിക്ഷേപം കടലിലുള്ളത് പൈപ്പിലൂടെ ശേഖരിച്ച് കഴുകി വൃത്തിയാക്കുന്ന ഒരു പ്രോജക്ട് കൊണ്ടുവരുന്നതിന്റെ ചുമതല വ്യവസായ വകുപ്പ് ഏറ്റെടുക്കുന്നു. ഇതുസംബന്ധിച്ച് ചർച്ച ചെയ്യാനായി ഒരു സർവ്വകക്ഷി യോഗം വിളിക്കാം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): മണലിന്റെ ശേഖരണത്തിനും വിപണനത്തിനും ഒരു സംവിധാനമുണ്ടാകണമെന്ന നിർദ്ദേ ശമാണ് സഭയിൽ ഉയർന്നുവന്നിട്ടുള്ളത്. ഈ നിർദ്ദേശം പരിഗണിച്ച് ആവ ശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(3) <u>2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. അനൂപ് ജേക്കബ്)</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. മോഹനൻ)</u>: പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഭൂമിയുടെ വില നിശ്ചയിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ പര്യാപ്തമാണോയെന്നത് പരിശോധിക്കണം. ഭൂമിയുടെ ഇടപാടുകളിൽ മാഫിയാ സ്വാധീനം വളർന്നുവന്നിട്ടുണ്ട്. അഴിമതിരഹിതമായും സുതാര്യമായും ഇടപാടുകൾ നടക്കുന്നതിന് അപ്പീൽ അധികാരിയായി നിർദ്ദേശിച്ചിരിക്കുന്ന കളക്ടറുടെ സേവനം മാത്രം മതിയോ എന്നത് പുന:പരിശോധിക്കണം. വയലുകളുടെ കൈമാറ്റത്തിൽ വൻതോതിലുള്ള ഊഹക്കച്ചവടങ്ങൾ നടക്കുന്നത് അവസാനിപ്പിക്കണം. ഭൂമിക്ക് യഥാർത്ഥവിലയെക്കാൾ ഉയർന്ന വില നിശ്ചയിച്ച് കൈമാറ്റം ചെയ്യുന്നത് ഒഴിവാക്കണം. ഭൂമി കൈമാറ്റത്തിൽ സുതാര്യത കൈവരിക്കാൻ ഈ നിയമം പര്യാപ്തമാണോയെന്ന് ആലോചിക്കണം.

<u>ശ്രീ. ആർ. സെൽവരാജ്</u> : സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഭൂമിയുടെ വില നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അതിന് വ്യത്യസ്തമായി വില നിർണ്ണയിക്കുന്നത് പരിശോധിക്കണം. ഭൂമിശാസ്ത്രപരമായ കിടപ്പും ഭൂമിയുടെ സ്വഭാവവും കണക്കിലെടുത്ത് വില നിശ്ചയി

ക്കുന്നതിലുള്ള അപാകതകൾ പരിഹരിക്കപ്പെടണം. അപ്പീൽ കൊടുക്കുന്നതിനുള്ള കാലാവധി 30 ദിവസമെന്നുള്ളത് ഒരു വർഷമാക്കി ഉയർത്തിയത് സ്വാഗതാർഹമാണ്.

ശ്രീ. എസ്. രാജേന്ദ്രൻ : സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വ്യാജ മുദ്രപ്പത്രത്തിന്റെ ഉപയോഗം തടയുന്നതിനുള്ള വ്യവസ്ഥ കർശനമായി നടപ്പിലാക്കണം. രജിസ്ട്രേഷൻ ഓൺലൈൻ മുഖേന നടപ്പിലാക്കുമ്പോൾ ആധാരം എഴുത്തുകാർക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. ഭൂമിയുടെ വില നിശ്ചയിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ചില സ്ഥലങ്ങളിൽ വില നിശ്ചയിച്ചിട്ടില്ലാത്തതിനാൽ അവിടെ രജിസ്ട്രേഷൻ നടക്കാത്ത സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. വ്യാജ രജിസട്രേഷൻ തടയുന്നതിനും ഈ രംഗത്ത് ഉയർന്നു വന്നിട്ടുള്ള മാഫിയാ സംഘങ്ങളെ ഇല്ലാതാക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : അപ്പീലിന്റെ കാലാവധി 30 ദിവസമെന്നുള്ളത് ഒരു വർഷമായി വർദ്ധിപ്പിച്ചു. ഒരു വർഷത്തിനുള്ളിൽ അപ്പീൽ ഫയൽ ചെയ്യാൻ സാധിക്കാത്ത വ്യക്തിക്ക് മതിയായ കാരണമുണ്ടെങ്കിൽ അതിനുശേഷവും അപ്പീൽ ഫയൽ ചെയ്യാനുള്ള സാഹചര്യം കളക്ടർ ഒരുക്കിയിട്ടുണ്ട്. ജനങ്ങളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കിക്കൊണ്ട് സാമൂഹിക പ്രതിബദ്ധതയോടെ മുന്നോട്ട് വച്ചിരിക്കുന്ന ഒരു അമന്റ്മെന്റാണിത്. സ്റ്റാമ്പ് വെണ്ടർമാർ, ആധാരം എഴുത്തുകാർ എന്നിവരുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ടുള്ള ആധുനികവൽക്കരണം നടപ്പാക്കുന്നതിനെക്കുറിച്ച്

സർക്കാർ ആലോചിച്ചുവരുന്നു. വാണിജ്യപരമായ പ്രാധാന്യം, ജലവിതരണം, വൈദ്യുതി, ഗതാഗതം, വാർത്താവിനിമയം, മാർക്കറ്റുകൾ, ഫാക്ടറികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ സാമീപ്യം, സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ്, ഭൂമിയുടെ സ്വഭാവം ഇതൊക്കെ നോക്കിയാണ് ഭൂമിയുടെ വില നിശ്ചയിച്ചു പോരുന്നത്. എഗ്രിമെന്റുകളുടെ പുറത്ത് എഗ്രിമെന്റുകൾ എഴുതി യഥാർത്ഥ വ്യക്തിക്ക് ഭൂമിയുടെ ന്യായവില കിട്ടാതെ പോകുന്ന സാഹചര്യം സർക്കാർ പരിശോധിച്ച് തീരുമാനം എടുക്കു ന്നതാണ്.

ഭേദഗതികൾ സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള മുദ്ര പ്പത്ര (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീക രിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

110, 113, 114, 115, 124, 126, 128 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

3-ാം വകുപ്പും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും വകുപ്പു മന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>): 2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2013–ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(4) 2013–ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013–ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. വക്കീൽ ഗുമസ്തന്മാർ ഉത്തരവാദപ്പെട്ട ജോലിയാണ് നിർവ്വഹിക്കുന്നതെങ്കിലും അർഹിക്കുന്ന അംഗീകാരമോ ജോലിസ്ഥിരതയോ അവർക്ക് ഇല്ല. അഡ്വക്കേറ്റ്സ് ക്ലാർക്കുമാരുടെ ക്ഷേമനിധി തുക വർദ്ധിപ്പിക്കുന്നതിനും ജീവിത സുരക്ഷയ്ക്കും കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാകുന്ന വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുത്തണം.

ശ്രീ. മാത്യു റ്റി. തോമസ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് സ്റ്റാമ്പിന്റെ തുക കക്ഷികളിൽനിന്ന് വാങ്ങുന്നതിനുപകരം വക്കീൽ ഗുമസ്തരുടെ റൈറ്റിംഗ് ഫീസിൽ നിന്നും വാങ്ങണമെന്ന് നിഷ്കർഷിക്കുന്നത് ഫണ്ടിൽനിന്നുള്ള ചെലവ് വർദ്ധിപ്പിക്കുകയും വെൽഫെയർ കമ്മിറ്റിയുടെ സാമ്പത്തിക സുസ്ഥിരതയ്ക്ക് കോട്ടമുണ്ടാക്കുകയും ക്ഷേമപദ്ധതികളുടെ ഭരണപരമായ ചെലവ് വർദ്ധിപ്പിക്കുകയും ആനുകൂല്യങ്ങൾ പരിമിതപ്പെടുത്തുകയും ചെയ്യും. ഗവൺമെന്റിന്റെ

മുൻകൂർ അനുമതിയോടുകൂടി കേരളാ അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ കമ്മിറ്റിക്കുതന്നെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാൻ കഴിയുമോ എന്നുള്ളത് പരിശോധിക്കണം. മൂലനിയമത്തിന്റെ 20-ാം വകുപ്പിൽ അംഗങ്ങൾക്കും ആശ്രിതർക്കും ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനുമാവശ്യമായ സൗകര്യങ്ങൾ നിർണ്ണയിക്കാമെന്നു പറഞ്ഞിട്ടുണ്ടെങ്കിലും ഇതുവരെയും കഴിഞ്ഞിട്ടില്ല. മെഡിക്ലെയിം ഇൻഷ്വറൻസ് എല്ലാവിധത്തിലുള്ള മരണങ്ങൾക്കും അപകടങ്ങൾക്കും ബാധകമാക്കണം. അഡ്വക്കേറ്റ്സ് ക്ലാർക്ക് വെൽഫെയർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് മേഖലാ ഓഫീസുകൾ അനുവദിക്കണം. അഡ്വക്കേറ്റ്സിന്റെ ഷെയർകൂടി ലീഗൽ ബെനിഫിറ്റ് ഫണ്ടിലേയ്ക്ക് കൊണ്ടുവരണം. അഡ്വക്കേറ്റ്സ് ക്ലാർക്ക് വെൽഫയർ ഫണ്ട് സ്റ്റാമ്പിന്റെ ലഭ്യതക്കുറവ് പരിഹരിക്കാൻ നടപടിയുണ്ടാകണം. അഭിഭാഷക ഗുമസ്തന്മാരുടെ സേവന വ്യവസ്ഥകൾ പരിരക്ഷിക്കുന്നതിനും സംരക്ഷണം നൽകുന്നതിനും കൂടുതൽ വ്യവസ്ഥകൾ ബില്ലിൽ ഉൾക്കൊള്ളിക്കണം.

<u>ശ്രീ. എം. എ. വാഹീദ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ബില്ലിലെ മൂന്നാം വകുപ്പുപ്രകാരം നല്ല ഒരു തുക സർക്കാർ കോൺട്രിബ്യൂഷൻ ഇനത്തിൽ നീക്കിവയ്ക്കുന്നതിന് വ്യവസ്ഥയുണ്ടാകണം. പുതിയ അംഗങ്ങൾ വെൽഫെയർ ഫണ്ട് കമ്മിറ്റിയിൽ അംഗങ്ങളായി വരത്തക്കവിധം ഒരു ആളിന് രണ്ടു പ്രാവശ്യത്തിൽ കൂടുതൽ അംഗമായിരിക്കുവാൻ അവസരം കൊടുക്കാൻ പാടില്ല. അഡ്വക്കേറ്റ് ക്ലാർക്കിന് ക്ഷേമനിധി സംഖ്യ അഞ്ചു ലക്ഷമായി ഉയർത്തുകയും പെൻഷൻ തുക രണ്ടായിരം രൂപയാക്കുകയും വേണം. .

അംഗമായിരിക്കവെ മരണപ്പെട്ടുപോയവർക്കും സർവ്വീസ് കണക്കാക്കാതെ മുഴുവൻ ക്ഷേമനിധി തുകയും ഡെത്ത് ക്ലെയിം ആയി അനുവദിക്കാൻ വ്യവസ്ഥയുണ്ടാകണം. മെഡീ ക്ലെയിം ഒരു ലക്ഷം രൂപയെങ്കിലും കിട്ടത്തക്ക വിധത്തിൽ മാറ്റം വരുത്താൻ നടപടിയുണ്ടാകണം.

<u>ശ്രീ. പി. റ്റി. എ. റഹീം:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വക്കീൽ ഗുമസ്തന്മാരുടെ സംരക്ഷണം ഉറപ്പാക്കുന്ന വ്യവസ്ഥകൾ ബില്ലിൽ ഉൾക്കൊള്ളിക്കണം. 60 വയസ്സിനുശേഷം വക്കീൽ ഗുമസ്തന്മാർക്ക് ലഭിക്കുന്ന ബെനിഫിറ്റ് വളരെ നാമമാത്രമായിട്ടുള്ളതാണ്. .

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. കെ. എം. മാണി):</u> വക്കീൽ ഗുമസ്തന്മാരുടെ ക്ഷേമം ഉറപ്പുവരുത്താനും ബുദ്ധിമുട്ടുകൾ പരിഹരിക്കാനുമാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. വക്കീൽ ഗുമസ്തന്മാരുടെ റിട്ടയർമെന്റ് ബെനിഫിറ്റ് 2 ലക്ഷം രൂപയ്ക്ക് പുറമെ പെൻഷനും ഇതിലൂടെ വിഭാവന ചെയ്യുകയാണ്. വക്കാലത്തിൽ ഒട്ടിക്കുന്ന സ്റ്റാമ്പിന്റെ വിലയിനത്തിൽ ലീഗൽ ബെനിഫിറ്റ് ഫണ്ടിലേയ്ക്ക് വരുന്ന തുകയുടെ 30 ശതമാനം ഗുമസ്തന്മാരുടെ ക്ഷേമനിധിയിലേയ്ക്ക് നൽകുകയും സ്റ്റാമ്പിന്റെ മൂല്യം 12 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

108, 109, 110 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>3-ാം വകുപ്പ്</u>

111, 112, 113, 114, 115, 116, 117, 118, 119, 120, 121, 122, 123, 124, 125, 126, 127 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>6-ാം വകുപ്പ്</u>

128, 129, 130, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>1-ാം വകുപ്പും പീഠികയും പേരും</u>

106, 107 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. കെ. എം. മാണി)</u>: 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. മോഹനൻ)</u>: പ്രമേയത്തെ പിന്താങ്ങുന്നു.

2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി

## അറിയിപ്പ്

മി. സ്പീക്കർ: യുനിസെഫ്-ന്റെ ആഭിമുഖ്യത്തിൽ കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചൊരു വർക്ക് ഷോപ്പ് നിയമസഭയുടെ മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിച്ചിട്ടുണ്ട്. അതിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഭ വൈകുന്നേരം **6.51**-ന് പിരിഞ്ഞു.